# അരുണ

വനിതാമാസിക





MARCH
1950

# ARUNA

4 ANNAS

# ശിശുക്കൾ—അവരുടെ ക്ഷേമമാണ് നാട്ടിന്റെ ക്ഷേമം




(മുകളിൽ) ന്യൂഡൽഹിയിൽ ലേഡി ഇർവിൻകോളേജിൽവെച്ച് നടത്തപ്പെട്ട ശിശുക്ഷേമ പ്രദർശനാവസരത്തിൽ ബ്രിട്ടീഷ് ഹൈക്കമ്മീഷണർ സർ ആച്ചിബാൾഡ് നൈ, ലേഡിനൈ എന്നിവർ സന്ദർശനം നടത്തുന്നു.



(വലത്ത്) നാല്പതുകുട്ടികൾക്ക് സുഖമായി താമസിക്കാവുന്ന ഒരു ശിശുക്ഷേമകേന്ദ്രം ബ്രിട്ടനിലെ കെൻറ്കൗണ്ടി കൌൺസിൽ ആരംഭിച്ചിരിക്കുന്നു. ആൺകുട്ടികളെ കുളിപ്പിക്കുന്ന മുറിയാണ് ചിത്രത്തിൽ കാണുന്നത്.

# അരുണ

6/181 വൈ. എം. സി. എ. റോഡ്, കോഴിക്കോട്.

(പത്രാധിപർ_
മിസ്സിസ് എ. വി. കളത്തിൽ)

* ഓരോ കേരളീയ ഭവനത്തിന്നും അലങ്കാരം.
* മാതാക്കളുടെയും കുമാരികളുടെയും ഉററ ബന്ധു.
* കേരളീയ വനിതാലോകത്തിൻെറ അഭിമാനം.
* വിജ്ഞാനപ്രദമായ ലേഖനങ്ങൾ.
* രസകരമായ ചെറുകഥകൾ.
* ഹൃദയസ്പൃശിയായ ആത്മകഥകൾ.
* ഗൃഹശാസ്ത്രം.
* ആഹ്ലാദകരമായ ചിത്രങ്ങൾ.

etc.

വരിസംഖ്യ ഒററപ്രതിക്ക് 4ണ മാത്രം.

വാർഷിക വരിസംഖ്യ 3ക. ഉടൻ ആവശ്യപ്പെടുക.

# വിഷയവിവരം

| | | പേജ്. |
|---|---|---|
| 1. | മുഖചിത്രം—വിജയലക്ഷ്മി പണ്ഡിററ്. | |
| 2. | കൂപ്പുകൈ—പത്രാധിപർ | 2 |
| 3. | ഇന്ത്യൻവനിതകൾ സമരമുന്നണിയിൽ — ഹന്നാസെൻ | 3 |
| 4. | സന്ദേശം—വിജയലക്ഷ്മി പണ്ഡിററ് | 4 |
| 5. | സന്ദേശം—ഹന്നാസെൻ | 6 |
| 6. | ഒത്തുമാററം (ചെറുകഥ) — പി. ആനന്ദവല്ലി. | 7 |
| 7. | സന്ദേശം—റാണി മഹാരാജ്സിങ്ങ് | 9 |
| 8. | സന്ദേശം—സരളാരാമവർമ്മ | 10 |
| 9. | അമ്മയുടെ ഉൽക്കണ്ഠ (കവിത) — അമ്മിണി. കെ. മേനോൻ | 11 |
| 10. | അമേരിക്കൻ വനിതകൾ — മിസ്സ് ഫ്രെഡാ മില്ലർ | 12 |
| 11. | സന്ദേശം—എൻ. രഘുനാഥയ്യർ | 14 |
| 12. | പാർലിമെൻറും കേരളീയസ്ത്രീകളും | 15 |
| 13. | സന്ദേശം—മിസ്സിസ് ജോൺ മത്തായി | 15 |
| 14. | സ്ത്രീപുരുഷബന്ധം — കമലം ദാമോദരൻ | 17 |
| 15. | അടുക്കളയിൽ | 18 |
| 16. | മൃണാളിനി (നർത്തകി) | 20 |
| 17. | നല്ലതങ്ക (സിനിമ) | 22 |
| 18. | സരസ്വതീകടാക്ഷം—മഞ്ചേരികമലം | 23 |
| 19. | സരോജിനീനായഡു | 24 |
| 20. | ഞാൻ ഹോളിവുഡിലായിരുന്നെങ്കിൽ — സ്നേഹപ്രഭ | 27 |
| 21. | സിൽക്ക് അലക്കുന്നതെങ്ങിനെ — മിസ്സ് അമ്മിണി ഫിലിപ്പ് | 29 |

NATIONAL BOOK ... KOTTAYAM

# ക്രൂപ്പൈകെ

## പത്രാധിപർ

അടുക്കളക്കായ്യങ്ങൾ മുതൽ ലോകകായ്യങ്ങൾ വരെ പറയുവാനും നിയന്ത്രിക്കുവാനുമുള്ള അവകാശവും, ആവശ്യവും സ്ത്രീകൾക്കുണ്ടു്. അതിന്നു് ഒരു മാസിക വേണമെന്നുള്ളതു് പലരുടെയും ഹൃദയത്തിൽ കുടികൊള്ളുന്ന ഒരഭിലാഷമാണു്. "ഏറെ നാളായി ഈ ഉദ്യമം എന്റെ മനസ്സിൽ ഒരു സ്വപ്നം പോലെ തങ്ങി നില്ക്കുകയായിരുന്നു"വെന്നുള്ള ശ്രീമതി സരളാ രാമവമ്മയുടെ അഭിപ്രായം ഞങ്ങൾക്കു ലഭിച്ച പലരുടെയും കത്തുകളിൽ പ്രകടിതമായിരുന്നു.

കേരളീയരായ പല മഹതികളുടെയും പ്രേരണയും പ്രോത്സാഹനവും നിമിത്തമാണു് ഈ ഉദ്യമത്തിന്നു് ഞങ്ങൾ ഇറങ്ങിപ്പുറപ്പെട്ടതു്. അഖിലേന്ത്യാ പ്രാധാന്യം നേടിയിട്ടുള്ള ശ്രീമതി വിജയലക്ഷ്മിപണ്ഡിററു്, ശ്രീമതി അച്ചാമ്മ ജോൺമത്തായി, ശ്രീമതി ഹന്നാ സെൻ, റാണി മഹാരാജസിങ്ങ് മുതലായവരുടെ അനുഗ്രഹങ്ങളും ഞങ്ങൾക്കു് ലഭിച്ചിട്ടുണ്ടു്.

വനിതാ സംഘടനകളെ പ്രോത്സാഹിപ്പിക്കുവാനും അവയുടെ പ്രവത്തനറിപ്പോർട്ടുകൾ സംക്ഷിപ്തമായിട്ടെങ്കിലും പ്രസിദ്ധം ചെയ്യുവാനും ഞങ്ങൾ ശ്രമിക്കുന്നതാണു്. വിദേശീയ വനിതകളുടെ പ്രവത്തനങ്ങൾ പഠിക്കുവാൻ പര്യാപ്തമായ ലേഖനങ്ങൾ; നാട്ടിലെ പ്രമുഖവനിതകളുടെ ജീവചരിത്രങ്ങൾ; ഉന്നൽ, ഭക്ഷണശാസ്ത്രം, ശിശുക്കളെ വളത്തൽ, സ്ത്രീപുരുഷബന്ധം, തോട്ടത്തിലെ പ്രവത്തനം, അലക്കു്, കോഴിവളത്തൽ, വീടു് പരിഷ്കൃതമായ രീതിയിൽ സജ്ജീകരിക്കുക, പാചകവൃത്തി മുതലായി നിരവധി വിഷയങ്ങളെ സംബന്ധിച്ചു് വിജ്ഞാനപ്രദമായ ലേഖനങ്ങൾ, രസകരമായ ചെറുകഥകൾ, സിനിമാനിരൂപണങ്ങൾ മുതലായവയും, സന്ദർഭോചിതമായ ചിത്രങ്ങളും ഈ മാസികയിൽ പ്രസിദ്ധം ചെയ്യുന്നതാണു്.

1949 മാർച്ച് 2-ാംനു- നമ്മെ വിട്ടു പിരിഞ്ഞ ഗാനകോകിലം.

(ലേഖനം 24-ാം പേജിൽ)



അച്ചടിക്കൂലിയും പ്രസിദ്ധീകരണച്ചിലവും വളരെ അധികമാണെങ്കിലും നാലണ വിലയ്ക്കു് ഈ മാസിക വിതരണം ചെയ്യുവാനാണു് ഞങ്ങൾ തീരുമാനിച്ചതു്. സാധാരണക്കാക്കു് മാസിക വാങ്ങുവാൻ ഈ വിലക്കുറവു് സഹായകമായിരിക്കും.

അടുക്കളയെ ഉപേക്ഷിക്കയല്ല, ശാസ്ത്രീയമായ രീതിയിൽ പാചകവിധി പരിഷ്കരിക്കുകയാണു് നമ്മുടെ കത്തവ്യം; ശിശുക്കളെ വളത്തുവാൻ വല്ലവരെയും ഏല്പിക്കുന്നതിനെക്കാൾ തങ്ങളുടെ കുട്ടികളെ വളത്തുവാൻ മാതാക്കൾ പഠിക്കയാണു് വേണ്ടതു്. ഗൃഹശാസ്ത്രം പഠിക്കുക, അത്യാവശ്യമുള്ള സസ്യങ്ങൾ വീടിന്റെ പരിസരങ്ങളിൽ വളത്തുവാൻ പഠിക്കുക, കുടിൽവ്യവസായം അഭിവൃദ്ധിപ്പെടുത്തുക, പുരുഷന്മാരോടൊപ്പം പരിപൂണ്ണസമത്വത്തിൽ മനുഷ്യസമുദായത്തിന്റെ സവ്വതോമുഖമായ പുരോഗതിക്കുവേണ്ടി പ്രവത്തിക്കുക മുതലായവയാണു് നമ്മുടെ കത്തവ്യം.

സ്ത്രീകളുടെ സ്വാതന്ത്ര്യത്തിന്നും പുരോഗതിക്കും വേണ്ടി നടത്തപ്പെടുന്ന ഈ വനിതാമാസിക കേരളീയവനിതാ ലോകത്തിന്റെ മുമ്പാകെ സമപ്പിക്കയും, സഹായസഹകരണങ്ങൾക്കു വേണ്ടി ഏവരേയും അഭ്യത്ഥിക്കയും ചെയ്തുകൊള്ളുന്നു.

— —

# അരുണ

വനിതാമാസിക

പുസ്തകം 1. | മാർച്ച് 1950 | ലക്കം 1.

# ഇന്ത്യൻ വനിതകൾ സമരമുന്നണിയിൽ

[അഖിലേന്ത്യാ വനിതാപ്രസ്ഥാനത്തിൽ സജീവമായി വളരെക്കാലം പ്രവർത്തിച്ചിട്ടുള്ള ഒരു മഹതിയാണു മിസ്സിസ് ഹന്നാസെൻ. ഇന്ത്യൻ വിദ്യാർത്ഥിനികൾക്ക് ഗൃഹശാസ്ത്രസംബന്ധമായ സാങ്കേതിക പരിജ്ഞാനം നല്കുന്നതിന്നുവേണ്ടി സ്ഥാപിക്കപ്പെട്ടിട്ടുള്ള ലേഡി ഇർവിൻ കോളേജിന്റെ സ്ഥാപനഘട്ടം മുതൽ കഴിഞ്ഞ വർഷംവരെയും അവർ ആ കോളേജിന്റെ പ്രിൻസിപ്പാളായിരുന്നു. മാതൃകാപരമായ നിസ്വാർത്ഥസേവനം അനുഷ്ഠിച്ചിട്ടുള്ള ഇവർ ഇപ്പോഴും ഇന്ത്യൻ വനിതകളുടെ പുരോഗതിക്കുവേണ്ടി തന്റെ സമയം മുഴുവനും ചിലവഴിച്ചു വരികയാണ്. നമ്മുടെ വനിതാപ്രസ്ഥാനത്തിന്റെ വളർച്ചയിലേക്കു അവർ ഈ ലേഖനത്തിൽക്കൂടി കണ്ണോടിക്കുന്നു. പത്രാധിപർ.]



ക്രൂരതക്കും മർദ്ദനത്തിന്നുമെതിരായി അഖിലേന്ത്യാ വ്യാപകമായി ഉയന്നുവന്ന ദേശീയപ്രക്ഷോഭണത്തിന്റെ ഒരു വശമാണ് ഇന്ത്യയിലെ വനിതാ പ്രസ്ഥാനം. അവശതകൾക്കെതിരായി കോപിഷ്ഠരായ അബലകളുടെ ക്ഷോഭപ്രകടനമെന്ന നിലയിൽ രൂപമെടുത്ത

## ഹന്നാ സെൻ

പാശ്ചാത്യവനിതാപ്രസ്ഥാനത്തിൽനിന്നും വ്യത്യസ്തമാണിതു്. സ്ത്രീകളുടെ പ്രത്യേകമായ പ്രശ്നങ്ങളെ ഒററ തിരിച്ചു നിൎത്തുവാൻ സാദ്ധ്യമല്ലെന്നും, പൊതു ജീവിതത്തിന്റെ ഒരു ഭാഗം മാത്രമാണവയെന്നും, സാമൂഹ്യവ്യവസ്ഥിതിയുടെ ഒട്ടാകെയുള്ള ഘടനയെ ആസ്പദമാക്കിവേണം സ്ത്രീകളുടെ നിലയെപ്പററി പരിശോധന നടത്തേണ്ടതെന്നും, ഇന്ത്യൻ സ്ത്രീകൾ നേരത്തെ തന്നെ മനസ്സിലാക്കിയിരുന്നു. തൽഫലമായി, നമ്മുടെ വനിതാപ്രസ്ഥാനം പുരോഗമനപരമായ എല്ലാ ശക്തികളോടും ചേന്നു നിന്നു് സമരം ചെയ്തു; സാമൂഹ്യമായ അനീതികൾക്കെതിരായും, സഹജമായ മനുഷ്യാവകാശങ്ങൾക്ക് വേണ്ടിയും പ്രവത്തിച്ചിട്ടുള്ള സ്ത്രീകളുടെയോ പുരുഷന്മാരുടെയോ സംഘടനകളോടു് നാം സഹകരിച്ചിട്ടുണ്ടു്. സാമ്പത്തിക സ്ഥിതിയുടേയും രാഷ്ട്രീയസംഭവവികാസങ്ങളുടെയും പ്രചോദനമേററു് വളന്നുവന്ന വനിതാപ്രസ്ഥാനത്തിന്റെ ശൈശവഘട്ടം

സ്വാഭാവികമായി ദേശീയ സ്വാതന്ത്ര്യത്തിന്നു വേണ്ടിയുള്ള എരിപൊരികൊള്ളുന്ന സമരത്തോട് ബന്ധപ്പെട്ടതായിരുന്നു. പുരുഷന്മാരോട് തോളോടുതോൾ ചേർന്ന് സ്ത്രീകൾ സമരം ചെയ്തു; അവരോടൊപ്പം അപമാനങ്ങൾ സഹിച്ചു; കാരാഗൃഹവാസം അനുഭവിച്ചു; മരണത്തെപോലും വരിച്ചു; അങ്ങിനെ ഇന്ത്യയുടെ സ്വാതന്ത്ര്യലബ്ധിക്കുവേണ്ടി അനല്പമായ സംഭാവനകൾ അവർ നല്കി.

സാമൂഹ്യമായ അവശതകളുടെ മൗലികമായ കാരണങ്ങൾ അവർ വിവേകപൂർവ്വം മനസ്സിലാക്കിയതിൻേറയും, അവരുടെ വിശാലമായ ദേശാഭിമാനത്തിൻേറയും ഫലമായി വിജയത്തിൻെറ സമാവകാശമുള്ള പങ്കാളികളായി അവർ സ്വാഗതം ചെയ്യപ്പെട്ടു. സ്ത്രീകളുടെ നിലയെപ്പററിയുള്ള ഈ അഭിപ്രായം 1947–ലെ ലക്ഷ്യപ്രഖ്യാപനപ്രമേയത്തിൽ പ്രകടിതമായിട്ടുണ്ട്. പിന്നീട്, ഭരണഘടനയിൽ മൗലികാവകാശങ്ങളെപ്പററിയുള്ള ഖണ്ഡികകളിൽ അത് ഉറപ്പിച്ചു പറയുകയും ചെയ്തിട്ടുണ്ട്. ജാതി, മതം, വിശ്വാസം, ലിംഗം മുതലായവയിൽ ഭേദമില്ലാതെ നിയമത്തിൻെറ മുമ്പാകെ എല്ലാ പൗരജനങ്ങൾക്കും സമസ്ഥിതി അതിൽ വാഗ്ദാനം ചെയ്തിട്ടുണ്ട്. ഇതനുസരിച്ചു ഇന്നു് സ്വാതന്ത്ര്യഇന്ത്യയിൽ ദേശീയനവോത്ഥാനത്തിന്നു വേണ്ടി മുന്നോട്ടു വന്നു പ്രവർത്തിക്കുവാൻ സ്ത്രീകൾക്ക് ധാരാളം അവസരങ്ങളുണ്ട്.

ഇന്ത്യയുടെ സ്വാതന്ത്ര്യത്തിൻെറ അരുണോദയത്തിൽ, അതുവരെ പുരുഷന്മാരുടെ കുത്തകയായിരുന്ന ഉദ്യോഗങ്ങളിൽ– വിദേശവകുപ്പിലും ആഭ്യന്തര ഭരണവകുപ്പിലുമുള്ള ഉദ്യോഗങ്ങളിൽ–സ്ത്രീകൾക്കും പ്രവേശനമനുവദിച്ചു. സൈന്യങ്ങളുടെ ചികിത്സാവകുപ്പിലും അവരെ ചേർക്കുവാൻ തുടങ്ങി. മിക്കവാറും എല്ലാ തുറകളിലേക്കും സ്ത്രീകൾ പ്രവേശിക്കുന്നുവെന്നുള്ളത് ചാരിതാർത്ഥ്യജനകമാണ്. ഭരണവകുപ്പിലുള്ള സ്ത്രീകൾ, വനിതാഅമ്പാസിഡർ, വനിതാമന്ത്രി, വനിതാഗവർണർ, നിയമസഭാംഗങ്ങളായ വനിതമാർ, സാർവ്വദേശീയ സംഘടനകളിലെ ഇന്ത്യൻ വനിതാപ്രതിനിധികൾ,–അവരെല്ലാം രാഷ്ട്രം അവരിൽ അർപ്പിച്ച വിശ്വാസത്തെ അന്വർത്ഥമാക്കിക്കൊണ്ട് സേവനം നടത്തുന്നു. അവരുടെ പേരുകൾ എല്ലാ വീട്ടിലും സുപരിചിതമാണ്. ഏററവും ഉപരിതലത്തിൽ എണ്ണപ്പെട്ട വനിതകളാണവർ. അല്ലാതെയും ഒരു വലിയ സംഖ്യയുണ്ട്. മുമ്പുതന്നെ സ്ത്രീകൾക്കനുവദിച്ചിട്ടുള്ള ടീച്ചർ, ഡാക്ടർ, നർസ് എന്നീ പ്രവൃത്തികൾ കൂടാതെ, ഓഫീസ് സെക്രട്ടറി, സ്റ്റെനോഗ്രാഫർ, ക്ലാർക്ക്, ടെലഫോൺ ഓപ്പറേററർ, ബസ് കണ്ടക്ടർ, വനിതാപോലീസ് മുതലായ ജോലികളിലും ധാരാളം സ്ത്രീകൾ ചേർന്നിട്ടുണ്ട്. അതിവേഗത്തിൽ സ്ത്രീകൾക്കുണ്ടായ ഈ സ്വാതന്ത്ര്യം സങ്കല്പത്തിൻെറ ഒരു യഥാർത്ഥീകരണമാണ്.

ഈ നേട്ടങ്ങളെല്ലാമുണ്ടായത് വനിതാസംഘടനകളുടെ പരിശ്രമഫലമായിട്ടാണ്. വിവിധ ലക്ഷ്യങ്ങളോടുകൂടി വിവിധരൂപത്തിൽ പ്രവർത്തിച്ചുവന്ന ഈ സംഘടനകളുടെ സ്വാധീനശക്തി അളവററതാണ്. ഒമ്പതു ഉപസമിതികളോടുകൂടിയ "നാഷനൽ കൗൺസിൽ ഓഫ് വിമൻ", ഇരുനൂറിൽപരം ശാഖകളോടുകൂടിയ അഖിലേന്ത്യാ വനിതാകോൺഫ്രൻസ്, എന്നിവയാണ് വനിതാസംഘടനകളിൽ പ്രാമാണ്യമർഹിക്കുന്നത്.

"നിങ്ങൾക്കു ആവശ്യമുള്ളതെന്താണെന്ന് ഒരേഒരു ശബ്ദത്തോടുകൂടി പറയുക. അത് ലഭിക്കുന്നതുവരെ നിരന്തരമായി ആവശ്യപ്പെട്ടുകൊണ്ടിരിക്കുക" എന്നുള്ള വെല്ലുവിളിയെ ഇന്നാട്ടിലെ വനിത

## അരുണ വിജയിക്കട്ടെ

'അരുണ'യ്ക്ക് സർവ്വവിജയങ്ങളും ആശംസിച്ചു കൊള്ളുന്നു. മററുള്ള രാജ്യങ്ങളെപ്പററി അറിയുവാൻ മലബാർ വനിതകൾക്ക് ലഭിച്ചിട്ടുള്ള ഈ അവസരത്തെ അവർ വേണ്ടവിധത്തിൽ ഉപയോഗപ്പെടുത്തുമെന്നും, സമാധാനവും ഐക്യവും നിറഞ്ഞ ലോകത്തെ രൂപപ്പെടുത്തുന്നതിന്നു വേണ്ടി അവർ യത്നിക്കുമെന്നും ഞാൻ ആശിക്കുന്നു.

വിജയലക്ഷ്മി പണ്ഡിററ് (ഒപ്പ്)

ഇന്ത്യൻ എമ്പസി, വാഷിങ്ങ്ടൺ.

കൾ സ്വീകരിച്ചതു് അഖിലേന്ത്യാ വനിതാകോൺഫ്രൻസിന്റെ രണ്ടാമത്തെ സമ്മേളനത്തിലാണു്. നിരവധി വർഷങ്ങളായി നടന്നുകൊണ്ടിരുന്ന അക്ഷീണമായ പ്രക്ഷോഭണങ്ങളുടെയും, വിപുലമായ പ്രചരണത്തിന്റെയും ഫലമായി സംഭവിച്ചിട്ടുള്ള വ്യത്യാസങ്ങളെ മനസ്സിലാക്കുവാൻ സ്ത്രീകളുടെ ഇപ്പോഴത്തെ നില പരിശോധിച്ചു നോക്കിയാൽ മതി.

## വിദ്യാഭ്യാസം

ഭരണവകുപ്പുകളിലും രാജ്യത്തിനു് അത്യന്താപേക്ഷിതമായ നഴ്സ്ജോലി, അദ്ധ്യാപനവൃത്തി മുതലായവയിലും കൂടുതൽകൂടുതലായി പ്രവേശിക്കുന്നതിന്നുള്ള പ്രഥമയോഗ്യതയെന്ന നിലയിൽ സാമാന്യവിദ്യാഭ്യാസവും സാങ്കേതിക പരിശീലനവും സ്ത്രീകൾക്കു് അനുവദിക്കപ്പെട്ടിരിക്കുന്നു. സ്ത്രീവിദ്യാഭ്യാസത്തോടുള്ള പഴയമനോഭാവം മാറി അതിന്റെ യഥാർത്ഥമൂല്യത്തെ ഗ്രഹിച്ചുതുടങ്ങിയിരിക്കുന്നു. പണക്ഷാമമുണ്ടാകുമ്പോൾ നിർത്തിവെക്കപ്പെടുന്ന കാര്യങ്ങളിലൊന്നല്ല ഇന്നു് സ്ത്രീവിദ്യാഭ്യാസം. വിദ്യാഭ്യാസം സിദ്ധിച്ച പുരുഷന്മാരുടെയും വിദ്യാഭ്യാസംസിദ്ധിച്ച സ്ത്രീകളുടെയും എണ്ണത്തിൽ ഇപ്പോഴും ഗണ്യമായ വ്യത്യാസമുണ്ടു്; 5നു് 1മാത്രമേയുള്ളു. വിദ്യാഭ്യാസം സിദ്ധിച്ച ഒരുസ്ത്രീയും ഒരു പുരുഷനും തമ്മിൽ ഗുണത്തിൽ വലിയ വ്യത്യാസമുണ്ടെന്നു് കാൽശതാബ്ദത്തിന്നു മുമ്പ് തയ്യാറാക്കിയ വിദ്യാഭ്യാസ റിപ്പോർട്ടിൽഖേദപൂർവ്വം ചൂണ്ടിക്കാണിച്ചിട്ടുണ്ടെങ്കിലും ഇന്നു് ആ വ്യത്യാസം കുറഞ്ഞുകുറഞ്ഞു വരികയാണു്. ഒരുതരത്തിലുള്ള വിദ്യാഭ്യാസവും ഇന്നു് സ്ത്രീകൾക്കു് നിഷേധിക്കപ്പെടുന്നില്ല. വിദ്യാഭ്യാസവികസന പദ്ധതികളിലെല്ലാം തന്നെ ആൺകുട്ടിയുടെ കാര്യത്തിലെന്നപോലെ പെൺകുട്ടിയുടെ കാര്യത്തിലും ശ്രദ്ധിക്കുന്നു.

## വോട്ടവകാശം

സ്ത്രീകളുടെ മറെറാരു വലിയ നേട്ടം വോട്ടവകാശത്തിലാണു്. നിയമസഭകളിലും, മുനിസിപ്പാൽ സഭകളിലും സംവരണസ്ഥാനങ്ങൾ സ്ത്രീകൾക്കു് നൽകുവാനുള്ള ശ്രമത്തെ അവർ വിജയപൂർവ്വം എതിർത്തു. സ്ത്രീകളും പുരുഷന്മാരും തമ്മിലുള്ള സമത്വത്തിന്റെ ഒരു നിഷേധമായിട്ടാണു് അങ്ങനെയുള്ള ആനുകൂല്യങ്ങളെ ഗണിച്ചുവന്നതു്. പ്രായപൂർത്തിവോട്ടവകാശവും തിരഞ്ഞെടുപ്പിൽ സർവ്വസ്വാതന്ത്ര്യവും വേണമെന്നു് സ്ത്രീകൾ നിർബ്ബന്ധപൂർവ്വം ആവശ്യപ്പെട്ടു. ഇന്നു് പുരുഷന്മാർക്കു് തുല്യമായ നിലയാണു് സ്ത്രീകൾക്കുമുള്ളതു്.

## ഹിന്ദുകോഡ്ബിൽ.

പുരോഗതിയുടെ മറെറാരു ഘട്ടത്തെയാണു് ഹിന്ദുകോഡ് ബിൽ കുറിക്കുന്നതു്. സ്ത്രീകളുടെ സാമൂഹ്യസ്ഥിതിയെ സ്പർശിക്കുന്ന നിയമം അതുമാത്രമല്ല. പ്രത്യേകമായ ആക്ഷേപങ്ങളോ സങ്കടങ്ങളോ ഉണ്ടാകുമ്പോൾ അവയുടെ പരിഹാരത്തിന്നു വേണ്ടികേന്ദ്രത്തിലും സംസ്ഥാനങ്ങളിലും നിയമ പരിഷ്കാരങ്ങൾ നടപ്പിൽ വരുത്തിയിട്ടുണ്ടു്. അങ്ങിനെയുള്ള അല്പാല്പമായ നിയമശകലങ്ങളുടെ നിർമ്മാണത്തെ വനിതാ സംഘടന നിരന്തരമായി എതിർക്കയും, അഖിലേന്ത്യാ വ്യാപകമായതും ഐകരൂപ്യമുള്ളതുമായ നിയമനിർമ്മാണത്തിന്നു വേണ്ടി ശക്തിപൂർവ്വം വാദിക്കയും ചെയ്തു. അവരുടെ ആവശ്യമനുസരിച്ചു് രൂപമെടുത്തിട്ടുള്ള ഒന്നാണു് ഹിന്ദുകോഡ് ബിൽ.

വിവാഹം, വിവാഹമോചനം, ദത്തു്, രക്ഷാകർത്തൃത്വം, പിന്തുടർച്ചാവകാശം, മുതലായകാര്യങ്ങളെ സംബന്ധിച്ചേടത്തോളം പുരാതന നിയമങ്ങളെ അധുനാതന വീക്ഷണഗതിയിൽ വ്യാഖ്യാനിക്കയാണു് ബിൽ ചെയ്തിട്ടുള്ളതു്. 'കോഡിൽ' പറഞ്ഞിട്ടുള്ള കാര്യങ്ങൾ പലതും സംസ്ഥാന നിയമസഭകൾ അംഗീകരിച്ചിട്ടുള്ളതാണു്. ഉദാഹരണമായി, ഏകഭാര്യാത്വത്തെ പ്രയോഗത്തിൽ വരുത്തുന്നതും വിവാഹമോചനം അനുവദിക്കുന്നതുമായ നിയമങ്ങൾ മദിരാശിയിലും ബോമ്പെയിലും പാസ്സാക്കിയിട്ടുണ്ടു്. പ്രസ്തുത പരിഷ്കാരങ്ങൾ ഇന്ത്യക്കാകമാനം ബാധകമാക്കാനാണു് കോഡ് ശ്രമിക്കുന്നതു്. സ്ത്രീകളുടെ പക്ഷത്തുനിന്നു നോക്കിയാൽ കോഡിന്നു വളരെ അധികം വൈകല്യങ്ങളുണ്ടു്. എങ്കിലും അതു് ശരിയായ മാർഗ്ഗത്തിൽ കൂടിയുള്ള ഒരു ഗതിയാണു്.

ആൺ മക്കളുടെയും പെൺ മക്കളുടെയും പിന്തുടർച്ചാവകാശത്തിലുള്ള തുല്യത, ഒരു മകനെ ദത്തെടുക്കുന്നതിൽ അമ്മയ്ക്കോ വിധവയ്ക്കോ ഉള്ള അഭിപ്രായത്തിന്നു് പ്രാബല്യം നല്കുക, സ്വന്തം കുട്ടികളുടെ സ്വാഭാവികമായ രക്ഷാധികാരം അമ്മയ്ക്കു് അനുവദിച്ചുകൊടുക്കുക, വസ്തുവിന്മേലുള്ള പരിമിതമായ അവകാശത്തിന്നു പകരം സ്വന്തം വസ്തുവകകളിന്മേൽ സ്ത്രീകൾക്കു പരിപൂർണ്ണനിയന്ത്രണാവകാശം നല്കുക, മിശ്രവിവാഹത്തെ സാധൂകരിക്കുക, എന്നിങ്ങനെയുള്ള വിഷയങ്ങളിൽ ചിന്താശീലരായ എല്ലാവരുടെയും ആനുകൂല്യം കോഡിന്നുണ്ടാകേണ്ടതാണു്. നിയമസഭയിൽ അതു്പാസ്സാകുവാൻ കാലവിളംബം നേരിട്ടതിൽ വ്യസനിക്കേണ്ടിയിരിക്കുന്നു.

# പുരോഗമിക്കുന്ന കേരളീയ വനിതകൾ

ഒരു വനിതാമാസിക മലയാളത്തിൽ ആരംഭിക്കുന്നുവെന്നറിഞ്ഞതിൽ സന്തോഷമുണ്ട്. ഇന്ത്യൻസ്ത്രീകൾ തങ്ങളുടെ രാജ്യകാര്യങ്ങളിൽ കൂടുതൽ പ്രധാനമായ ഒരു പങ്കുവഹിച്ചു തുടങ്ങിയിരിക്കുന്ന ഈ സന്ദർഭത്തിൽ അവരുടെ പുരോഗതിയെ ത്വരിതപ്പെടുത്തുവാനുള്ള എല്ലാ യത്നങ്ങളും ചെയ്യേണ്ടതാണ്. അവരുടെ അഭിപ്രായഗതി വെളിപ്പെടുത്തുവാൻ പുതിയ മാർഗ്ഗങ്ങൾ ആരായുകയും ചെയ്യണം.

അസാധാരണമായ ബുദ്ധിസാമർത്ഥ്യവും ഉന്നതമായ വിദ്യാഭ്യാസനിലവാരവും ഉള്ളവരാണ് മലബാർ വനിതകൾ. പുരോഗമനപരമായ ചിന്താഗതിയിൽ അവർ നൽകിയിട്ടുള്ള സംഭാവനകൾ വിപുലമായതോതിൽ പ്രസിദ്ധീകൃതമാകുന്നതിന്ന് ഈ മാസിക ഉപകരിക്കുന്നതാണ്.

മിസ്സിസ് ഹന്നാ സെൻ.

എക്സ് പ്രിൻസിപ്പാൾ, ലേഡിഇർവിൻ കോളേജ്

ന്യൂഡൽഹി.

## മററു ക്രമക്കേടുകൾ.

സാമൂഹ്യവ്യവസ്ഥയിൽ മററു പല ക്രമക്കേടുകളുമുണ്ട്. മദിരാശിയിലും മററു ചില സ്ഥലങ്ങളിലും സ്ത്രീധനം ഒരു ചിന്താവിഷയമായിത്തീൎന്നിരിക്കയാണ്. അംഗീകൃതമായ മനുഷ്യത്വനിലവാരത്തിന്നു വിരുദ്ധമായിട്ടുള്ളതും, സ്ത്രീകൾക്ക് അപമാനകരവുമായ ഈ ഏൎപ്പാടുകൾ ഉടൻതന്നെ ഇന്ത്യയിൽ അവസാനിപ്പിക്കുമെന്ന് ആശിക്കാം.

## സാമ്പത്തികവശം.

ദേശീയസമരത്തിലെ സാമ്പത്തികവശത്തെ സ്ത്രീകൾ വിസ്മരിച്ചില്ല. എല്ലാ പൗരജനങ്ങളുടെയും ജീവിതാവശ്യങ്ങൾ നിൎവ്വഹിക്കപ്പെടണമെന്നും, തൊഴിലിന്നുള്ള മതിയായ സാഹചര്യങ്ങളുണ്ടായിരിക്കണമെന്നുമുള്ള പൊതുജന ലക്ഷ്യത്തിന്നു വേണ്ടി വനിതാസംഘങ്ങൾ സഹകരിച്ചു പ്രയത്നിച്ചിട്ടുണ്ട്. അതോടുകൂടിയാണ് മാതൃരക്ഷ, 'തുല്യമായ ജോലിക്ക് തുല്യമായ കൂലി' എന്നീ പ്രത്യേകാവശ്യങ്ങൾ രൂപമെടുത്തത്. ശരണമില്ലാത്തവരായിത്തീൎന്ന സ്ത്രീകളുടെയും കുട്ടികളുടെയും രക്ഷയ്ക്കുവേണ്ടിയുള്ള പ്രവൎത്തനപരിപാടി എഴുതിയുണ്ടാക്കിയതും നടപ്പിൽ വരുത്തിയതും, കേന്ദ്രസംസ്ഥാനഗവൎമ്മേൻറുകളുടെ വനിതാവകുപ്പുകളാണ്. പൊതുവേയുള്ള കാൎയ്യങ്ങളിൽ സ്ത്രീകളുടെ പ്രവൎത്തനം വ്യാപിക്കുന്നുവെന്നു ഇതിൽനിന്നു പ്രത്യക്ഷമാണല്ലോ.

## വനിതാസംഘങ്ങൾ പിരച്ചുവിടണമോ ?

സ്ത്രീകളുടെ നില അഭിവൃദ്ധിപ്പെട്ടതിനാലും, അവരുടെ പ്രവൎത്തനരംഗങ്ങൾ വിസ്തൃതമായിത്തീൎന്നതിനാലും, വനിതാസംഘടനകൾ പിരിച്ചുവിടണമോ എന്നതിനെപററി ഗൗരവാവഹമായ വാദപ്രതിവാദങ്ങൾ നടക്കുന്നുണ്ട്. സ്ത്രീകൾ സ്ത്രീകളെന്ന നിലയിലല്ലാതെ പുരുഷന്മാൎക്കു തുല്യരായ പൗരജനങ്ങളെന്നനിലയിൽ പുതിയസാമൂഹ്യവ്യവസ്ഥിതി കെട്ടിപ്പടുക്കുന്നതിൽ സഹായിക്കണമെന്ന് പറയപ്പെടുന്നു. പക്ഷെ, നിയമപരമായി സ്ത്രീകൾക്ക് തുല്യനില അനുവദിച്ചിട്ടുണ്ടെങ്കിലും, യഥാൎത്ഥ ജീവിതത്തിൽ അവരുടെ പുരോഗതിയെ വിഘ്നപ്പെടുത്തുന്ന പലതും നടക്കുന്നുണ്ട്. ഹിന്ദുകോഡ്ബിൽ കണ്ടതോടുകൂടി പത്രങ്ങളിലും പ്രസംഗവേദികളിലും പല പിറുപിറുപ്പുകളും കേട്ടുതുടങ്ങി. "സ്ത്രീകൾ അവരുടെ സമുന്നതമായ പീഠത്തിൽനിന്ന് താണിറങ്ങുന്നു", "അവരുടെ സ്ത്രീസഹജമായ ഗുണങ്ങളെ ഉപേക്ഷിക്കുന്നു", "ഉദ്യോഗത്തിന്നുവേണ്ടി പുരുഷന്മാരോടൊപ്പം മത്സരിക്കുന്നു" ഇങ്ങനെ പല പിറുപിറുപ്പുകളുമുണ്ട്. ഇപ്രകാരമുള്ള യാഥാസ്ഥിതികത്വം ജൃംഭിച്ചു നില്ക്കുന്നേടത്തോളം കാലം വനിതാസംഘടനകൾ അത്യാവശ്യമാണ്. പിന്തിരിപ്പൻശക്തികൾക്കും പഴഞ്ചൻ വിശ്വാസങ്ങൾക്കുമെതിരായി അവസാനിക്കാത്ത സമരം ചെയ്യുന്നതിന്നുള്ള മാൎഗ്ഗങ്ങളായി പ്രസ്തുത സംഘങ്ങൾ നിലനില്ക്കേണ്ടതാണ്.

(അരുണയ്ക്കു് പ്രത്യേകം)

---

# ഒത്തു മാററം

**പി. ആനന്ദവല്ലി**

ആ വിവാഹക്ഷണനപത്രം നോക്കിക്കൊണ്ടു തന്നെ ഞാൻ ക്ഷണനേരം ഇരുന്നു; മൂന്നു് എക്സ്ചേയിഞ്ചു് വിവാഹങ്ങൾ പരാജയപ്പെട്ട ആ വീട്ടിൽ, നാലാമതൊന്നു കൂടി നടക്കുക! എനിക്കതു് വിശ്വസിക്കുവാൻ കഴിഞ്ഞില്ല. എങ്കിലും 'വിജയ' എന്റെ സ്നേഹിതയായിരുന്നതുകൊണ്ടു് അവളുടെ ജീവിതാനന്ദത്തിന്നുവേണ്ടി ഞാൻ ഉള്ളഴിഞ്ഞു പ്രാർത്ഥിച്ചു.......എന്റെ എളിയ കവിതാവാസന എന്നെക്കൊണ്ടു് ഒരു മംഗളപത്രവുമെഴുതിച്ചു. സാധാരണ പതിവുപോലെത്തന്നെ! ഏതൊ, 'എത്തും പിടിയുമില്ലാത്ത' ആ വരനെ ഞാൻ പുകഴ്ത്തി............പക്ഷെ ഒരാളെയെങ്കിലും അറിയുമല്ലൊ എന്നായിരുന്നു സമാധാനം. കവികൾക്കനുവദിച്ചതാണല്ലൊ സങ്കല്പസൃഷ്ടികളുള്ള സ്വാതന്ത്ര്യം.........അതു ഞാൻ ആ വരന്റെ കാര്യത്തിൽ ഉപയോഗിച്ചു എന്നല്ലെ ഉള്ളു? അല്ലെങ്കിൽ പേരുമാത്രം പറഞ്ഞുകൊടുത്തു് റെഡിമെയിഡായി എത്ര മംഗള പത്രങ്ങൾ കവികളിൽ നിന്നും വാങ്ങുന്നുണ്ടു്? അതിലും ഭേദമായിരുന്നു തീർച്ചയായും എന്റെ മംഗളപത്രം! അങ്ങിനെ വിജയയും ആ വരനും തമ്മിലുള്ള വിവാഹം നടന്നു .... .... കേമമായിത്തന്നെ. പിറ്റെ ദിവസം വിജയയുടെ സഹോദരനും, വരന്റെ സഹോദരിയും തമ്മിലുള്ള വിവാഹവും........രണ്ടു വീട്ടുകാരുടേയും, ചുമതലാബോധത്തിന്നു നല്ലൊരയവു കിട്ടി.........



നവംനവങ്ങളായ സംഭവ പരമ്പരകളെ സൃഷ്ടിച്ചു്, പ്രകൃതിദേവി ദിവസവും ചിരിക്കുകയും, മുഖം ചുവപ്പിക്കുകയും, കറുപ്പുതുണി മൂടി തന്റെ വ്യസനഛായ മറയ്ക്കുകയും ചെയ്തുപോന്നു! അങ്ങിനെ സംഭവബഹുലമായ ദിവസങ്ങൾ ഓരോന്നായി നീങ്ങി........ ജീവിത നിർവ്വഹണത്തിന്നു പേനയുമെടുത്തു നടക്കുന്ന എന്നെപ്പോലെയുള്ളവൾക്കു്, വിജയയെപ്പോലെയുള്ള 'സുഖജീവി'കളെപ്പറ്റി അന്വേഷിയ്ക്കാൻ സമയം കിട്ടാത്തതിൽ അത്ഭുതമില്ലല്ലൊ.........അങ്ങിനെ ലോകത്തിൽ പലതും നടന്നു........ആഗസ്റ്റ് 15 വന്നു........ ഇന്ത്യ സ്വതന്ത്രയായി........മദ്യനിരോധനമുണ്ടായി,........ഷാപ്പുകളെല്ലാം പൂട്ടി........അങ്ങിനെ പലതും........

നാലു ഭാഗവും കടലാസ്സുകൾ അടുക്കിവെച്ചു് അന്നും ഞാനെന്റെ മേശയ്ക്കു മുമ്പിലിരുന്നു, ജീവിതത്തിന്നു 'വഹ' കാണുകയായിരുന്നു. സുപരിചിതമല്ലാത്ത കൈപ്പട പതിഞ്ഞ ഒരെഴുത്തു് എന്റെ മേശപ്പുറത്തു് വെച്ചു് ആ പോസ്റ്റു് മേൻ യാത്രയായി.......ഞാൻ തിരിച്ചും മറിച്ചും നോക്കി.........ഒടുവിൽ പൊളിച്ചു........

"പ്രിയസഹോദരി,

വളരെ നാളുകളായി നമ്മൾ തമ്മിൽ കണ്ടിട്ടു്........ഇപ്പോൾ ഒരത്യാവശ്യകാര്യത്തിന്നു വേണ്ടിയാണു് ഞാൻ ഈ എഴുത്തെഴുതുന്നതു് ......എന്റെ മിസ്റ്റർ........പ്പറ്റി അറിയുമല്ലൊ.....[വാസ്തവത്തിൽ ഞാനൊന്നും അറിഞ്ഞിരുന്നില്ല] അദ്ദേഹം പട്ടാളത്തിൽ നിന്നു പിരിഞ്ഞുവന്നു ഇപ്പോൾ വീട്ടിൽ സ്വസ്ഥമായിരിക്കുകയാണു്.....ആദ്യം ഒരദ്ധ്യാപകനായിരുന്നതു കൊണ്ടു് ഇപ്പോഴും അതേ ജോലി നോക്കിയാൽ തരക്കേടില്ലെന്നുണ്ടു്.....ഇവിടെ അടുത്തു്......ബോഡു് സ്കൂളിൽ ഒരൊഴിവുണ്ടെന്നു കേട്ടു........നിങ്ങൾ വിചാരിച്ചാൽ വല്ലതും കഴിയുമെന്നാണു് വിശ്വാസം......

ഞങ്ങളെ നിരാശപ്പെടുത്തുകയില്ലല്ലൊ........ എന്നു് സ്നേഹപൂർവ്വം 'വിജയ'

N. B.....നിങ്ങളന്നു് കളിയാക്കിയതുപോലെ ഒരു 'മുരത്തപട്ടാള'ക്കാരനൊന്നുമല്ല അദ്ദേഹം........ വളരെ നല്ല മനുഷ്യനാണു്.

C. V.''

'പിരിഞ്ഞുവന്ന ആ പട്ടാളക്കാരൻെറ' ഭാര്യയെപ്പററി ഞാൻ വീണ്ടും ആലോചിച്ചു.........ജീവിക്കാനുള്ള മാർഗ്ഗം കാണുന്നതിൽ ആ ധർമ്മപത്നി അദ്ദേഹത്തെ സഹായിക്കുന്നതു കാണുവാൻ എനിക്കു് കൌതുകം തോന്നി....ഡി. ബോഡു് പ്രസിഡണ്ടിനെ പരിചയമുണ്ടായിരുന്നതു കൊണ്ടു് ആ കാര്യം അത്ര വിഷമമുള്ളതല്ലെന്നെനിക്കു തോന്നി........അങ്ങിനെ വിജയയുടെ ഭർത്താവു് രണ്ടാമതും ഒരദ്ധ്യാപകനായി........

ഇടയ്ക്കിടയ്ക്കു് വിജയയുടെ നന്ദിസൂചകമായ എഴുത്തുകൾ വരും..... അമൃതനിഷ്യന്ദിയായ ഒരു ജീവിതമാണവരുടേതെന്നും, എൻെറ ആശംസകൾ വ്യർത്ഥമായിട്ടില്ലെന്നും, അദ്ദേഹം തന്നെ അളവററു് സ്നേഹിക്കുന്നുണ്ടെന്നും......മററും മററും........അവളാക്കത്തിൽ എഴുതിക്കൂട്ടും........പക്ഷെ കാലചക്രഭ്രമണത്തിൽ, ആ സുദീർഘമായ സന്ദേശപ്രവാഹവും നിലച്ചുപോയെന്നുതന്നെ പറയട്ടെ........വിദൂരസ്ഥരായിരുന്നതുകൊണ്ടു് ആരുമാരും തങ്ങളുടെ മൌനത്തിൻെറ ഹേതുവെന്തെന്നു് തിരക്കിയതുമില്ല........

ഒരു തിങ്കളാഴ്ചയായിരുന്നു അതു് .......തലേ ദിവസത്തെ വിശ്രമത്തിനുശേഷം, ഓരോരുത്തനും ജാഗ്രതയായി ജോലിചെയ്യുന്ന ദിവസം........കുറച്ചു നേരത്തെത്തന്നെ, ഞാനും ജോലിസ്ഥലത്തെത്തി...... ഏതോ ഒരപരിചിതൻ എന്നെ പ്രതീക്ഷിച്ചു് ആ[illegible]കാലായിൽ നില്ക്കുന്നുണ്ടായിരുന്നു.........എന്നെ പരിചയമുള്ള മട്ടിൽ അയാൾ ചിരിച്ചു........ ഞാനൊരന്വേഷണഭാവത്തിൽഅയാളുടെ മുഖത്തു നോക്കി 'ഞാനാണു് ഹരീന്ദ്രമേനോൻ'..... [മംഗളപത്രത്തിൽക്കൂടി എൻെറ സ്മരണയിൽ ഒട്ടിപ്പിടിച്ചിരുന്നു ആ നാമം........] 'വിജയയുടെ..........' എന്നു പറഞ്ഞപ്പോഴേയ്ക്കും രണ്ടാൾക്കും ചിരിവന്നു........

'വിജയ ഇപ്പോൾ വീട്ടിൽത്തന്നെയോ, അതോ നിങ്ങളുടെ വീട്ടിലോ?' 'വീട്ടിൽത്തന്നെ' അദ്ദേഹംപറഞ്ഞു......'അതെന്തേ?' ഞാൻ ചോദിച്ചു........അദ്ദേഹത്തിൻെറ മുഖത്തൊരു വിഷാദച്ഛായ പരക്കുന്നതു് ഞാൻ സൂക്ഷിച്ചു.......

'കാര്യമൊന്നും അറിഞ്ഞില്ലേ' ആ മാന്യൻ ആശ്ചര്യഭാവത്തിൽ ചോദിച്ചു........ഇത്രയും ഉററസുഹൃത്തായ ഒരാളുടെ വിശേഷങ്ങൾ അറിയാത്തതിൽ എനിക്കും സങ്കോചം തോന്നി... ...

'വിജയയുടെ ജ്യേഷ്ഠൻ വിവാഹം ഉപേക്ഷിച്ചു'.........

ആവൂ! എൻെറ ഹൃദയത്തിൽക്കൂടി ഒരു മിന്നൽപിണർ പാഞ്ഞു.... ഒരു കുട്ടിയുടെ മാതാവായ ആ നിസ്സഹായ യുവതി ഇനിയെന്തു ചെയ്യും? 'എന്നിട്ടു് നിങ്ങൾ വിജയയെയും........' മുഴുവനാക്കുവാൻ ധൈര്യമില്ലാതെ ഞാൻ നിർത്തി.... അയാൾ വേഗം പറഞ്ഞു........'ഇല്ല........ആ കാര്യം തീർച്ചയാക്കിയിട്ടില്ല...........ഞാനൊരദ്ധ്യാപകനാണു്........അയാളൊരു പോലീസുദ്യോഗസ്ഥനും.......... അപ്പോൾ ആ വ്യത്യാസം ഞങ്ങളുടെ എല്ലാ പ്രവൃത്തികളിലും കാണും........യാതൊരു കുററവുമില്ലാതെ വിജയയെ ഉപേക്ഷിക്കാൻ എനിക്കു് മനസ്സു വരുന്നില്ല........പാവം അവളെന്തുപിഴച്ചു........?'

''എന്തു കാരണത്താലാണു് അദ്ദേഹം നിങ്ങളുടെ സഹോദരിയെ ഉപേക്ഷിച്ചതു്?''

'പ്രത്യേകിച്ചൊന്നുമില്ല.....അവൾക്കു് അനുസരണം 'കമ്മി'യാണത്രെ.'

''ഏച്ചുകൂട്ടിയ ബന്ധങ്ങളുടെ മുഴകൾ'' ഞാൻ മനസ്സിൽ വിചാരിച്ചു........അയാൾ പിന്നെയും തുടർന്നു 'എൻെറ വീട്ടുകാർ ദിവസവുമെന്നെ ബുദ്ധിമുട്ടിക്കുകയാണു്....വിവാഹമോചനത്തിനുവേണ്ടി........ ഞാൻ ഒന്നും തീർച്ചയാക്കിയിട്ടില്ല. ........ വേറൊരു കാര്യത്തിന്നാണു് ഞാനിവിടെ വന്നതു്.....സന്ദർഭവശാൽ ഈ വിഷയവും പറയേണ്ടിവന്നുവെന്നേയുള്ളു.........''

''വന്ദനം''സംസ്കൃതചിത്തനായ ആ ചെറുപ്പക്കാരൻ, കണ്ണിൽ നിന്നു് മറയുന്നതുവരെ ഞാനങ്ങിനെ നോക്കിനിന്നു........പാവം, വിജയ........അവളുടെ നിഷ്കളങ്കമായ എഴുത്തുകൾ........ഒരു പ്രണയവിവാഹമല്ലെങ്കിലും അത്രയ്ക്കു പൊരുത്തമുണ്ടായിരുന്നു അവരുടെ ജീവിതത്തിന്നു്........''

ആക്ഷേപങ്ങളും, അഭിപ്രായങ്ങളും, അപേക്ഷകളുമായി എൻെറ ജീവിതം പങ്കുവെയ്ക്കപ്പെട്ടു........വിജയയുടെ കാര്യം ചിലപ്പോൾ മാത്രം ഓർമ്മവരുമെന്നായി..........ജീവിക്കലല്ലെ പ്രയാസം? അതിനുള്ള കഷ്ടപ്പാടുകൾ!....ആവൂ! ഒരു സ്ത്രീകൂടി ആയെങ്കിൽ........കന്നുകാലികളെപ്പോലെ.'വിററുമാററൽ' വരെ എല്ലാം അവൾ അനുഭവിക്കണം!

ദുർഭിക്ഷം ബാധിച്ച വേനൽക്കാലത്തിലെ ദിവസങ്ങൾ ഓരോന്നായി തളർന്നു വീണു........നിർഭാഗ്യ

## ★ ★ മംഗളം



മലയാളത്തിൽ ഒരു വനിതാമാസിക നടത്തുവാനുള്ള നിങ്ങളുടെ നവോദ്യമത്തെ പ്രോത്സാഹിപ്പിച്ചുകൊണ്ടും നിങ്ങൾക്കു് മംഗളമാശംസിച്ചുകൊണ്ടും ഒരു സന്ദേശമയയ്ക്കുവാൻ എനിക്കു് അതിയായ സന്തോഷമുണ്ടു്. വളരെക്കാലമായി നിലവിലിരുന്ന ആവശ്യത്തെ നിറവേററുവാൻ ഈ മാസിക ഉപകരിക്കുമെന്നാണു് നിങ്ങളുടെ പരിപാടിയിൽ നിന്നു് ഞാൻ മനസ്സിലാക്കുന്നതു്. മലയാള വനിതകൾ ഈ മാസികയെ സഹർഷം സ്വാഗതം ചെയ്യുമെന്നു് ഞാൻ ആശിക്കുന്നു.

റാണി മഹാ രാജ്സിങ്ങ് (ഒപ്പ്)
ഗവമ്മെൻറ് ഹൗസ്, ബോംബെ.

ത്തിന്റെ തീക്ഷ്ണകരങ്ങൾ, അവിടത്തെ ജലാശയങ്ങളിലെ രക്തമെല്ലാം ഊററിക്കുടിച്ചു. പാടത്തെ മനോഹരമായപച്ച നീങ്ങി........ മുരത്തയാഥാത്ഥ്യത്തിന്റെ കട്ടകൾ നിരന്നു.............അന്നാണെനിക്കു് സ്വദേശത്തേക്കൊരു സ്ഥലമാററം കിട്ടിയതു്. അവിടെ എത്തിയ ഉടനെ ഞാൻ വിജയയെപ്പററി അന്വേഷിച്ചു........'സ്ഥിതി യാതൊന്നും ഭേദപ്പെട്ടിട്ടില്ലെന്നും, താൻ മററാരെയും വരിക്കുകയില്ലെന്നു് വിജയ തീച്ചുപറഞ്ഞുവെന്നും........മററും ഞാൻകേട്ടു.........ആശയുടേയും, ആശങ്കയുടേയും നിഴലുകൾ എന്റെ മനസ്സിൽ പതിഞ്ഞും മാഞ്ഞും കൊണ്ടിരുന്നു........ഒരു ദിവസം ഞാൻ ജോലിസ്ഥലത്തേക്കു പോവാൻ ഒരുങ്ങി നില്ക്കുമ്പോൾ, വിജയ ഓടിവന്നു പറഞ്ഞു........ 'ഒരു കാര്യം എനിക്കുവേണ്ടി ചെയ്യണം........വളരെ സ്വകാര്യമായി വെക്കണം........' ഒരു കവറെടുത്തു് എന്നെ ഏല്പിച്ചവരം പറഞ്ഞു. 'ഇതൊന്നു് പോസ്റ്റ്ചെയ്യണം........'

ഈ കത്തു കിട്ടിയാൽ അദ്ദേഹം വരും.........തീച്ച്..........അപ്പോൾ എന്റെ കാര്യത്തെപ്പററി നിങ്ങൾ ഒന്നു കൂടി പറയണം........യാതൊരു കുററവും ചെയ്യാത്ത ഞാൻ എന്തിനാണ് ശിക്ഷിക്കപ്പെടുന്നതെന്നു് ചോദിച്ചറിയണം; വീട്ടുകാർ അറിഞ്ഞാൽ എനിക്കുവിവിടെ സ്വൈരമുണ്ടാവില്ല......അതു കൊണ്ടാണു് നിങ്ങളെ ഏല്പിക്കുന്നതു്''

എനിക്കവളുടെ നിസ്സഹായാവസ്ഥയിൽ ദയ തോന്നി.....പാവം! പരിപാവനമായ സ്നേഹമെവിടെ? വീട്ടുകാരുടെ ഈ 'സ്നേഹക്കൊഴിക്ക'ലെവിടെ?

വിജയയുടെ വിശ്വാസം ശരിയായിരുന്നു. അദ്ദേഹം ആ കത്തു കിട്ടിയ ദിവസംതന്നെ എന്റെ അടുത്തു വന്നു. ഒഴിവു ദിവസമായിരുന്നതുകൊണ്ടു എനിക്കും അന്നു ധാരാളം സമയമുണ്ടായിരുന്നു.....!

ബിരുദമെടുക്കാത്ത ഒരു വക്കീലായിരുന്നു അന്നു ഞാൻ........!

'എന്തോ ചില കാര്യങ്ങൾ പറയാനുണ്ടെന്നു് വിജയ എഴുതിയതുകൊണ്ടാണു് ഞാനിവിടെ വന്നതു്'

[പാവം! ആ ദമ്പതികളുടെ നടുവിൽവിധികെട്ടിയകിടങ്ങുകൾ!]

'വിശേഷിച്ചൊന്നുമില്ല.....വിജയയുടെ കാര്യത്തെപ്പററിത്തന്നെയാണു് പറയാനുള്ളതു്........'

'എന്താ വിശേഷം'

'ഒന്നുമില്ല ..., അവൾ താങ്കളെ നിഷ്കന്മഷമായി സ്നേഹിക്കുന്നു....'

'ഞാൻ അവളേയും.....നോക്കൂ, നിങ്ങളാ പേരുച്ചരിക്കുമ്പോൾകൂടി എന്റെ ഹൃദയം തുടിക്കുന്നുണ്ടു്....'

ആ യുവാവിന്റെ കണ്ണുകൾ കലങ്ങുന്നതു ഞാൻ കണ്ടു.

'എന്നാൽ നിങ്ങളവളെ കൊണ്ടുപോകണം; സഹോദരൻ ചെ

# അരുണ--എൻെറ ഹൃദയത്തിൽ തങ്ങിനിന്നിരുന്ന സ്വപ്നം

(സരള രാമവർമ്മ, ബോംബെ.)

സ്ത്രീകളുടെ പുരോഗമനത്തെ ഉദ്ദേശിച്ചു് ഒരു മലയാളമാസിക തുടങ്ങുന്നുവെന്നറിഞ്ഞതിൽ അതിയായ ചാരിതാർത്ഥ്യമുണ്ടു്. ഏറെനാളായി ഈ ഉദ്യമം എൻെറ മനസ്സിൽ ഒരു സ്വപ്നംപോലെ തങ്ങിനില്ക്കുകയായിരുന്നു. നമുക്കു് അത്യാവശ്യമായിട്ടുള്ളതാണു് ഇങ്ങിനെയൊരു മാസിക. ചുരുക്കം ചില മാസികകളിൽ രണ്ടോ മൂന്നോ പേജു് സ്ത്രീകൾക്കുവേണ്ടി നീക്കിവെച്ചിട്ടുള്ളതല്ലാതെ സ്ത്രീകൾക്കു്മാത്രം ഉള്ള മാസികകൾ മലയാളത്തിൽ ദുല്ലഭമാണു്. നമ്മുടെ സ്ത്രീകൾ മനസ്സിലാക്കേണ്ട കാൎയ്യങ്ങൾ ഒട്ടേറെയുണ്ടു്. പരസ്പരം കണ്ടുമുട്ടാതെ തന്നെ ആശയവിനിമയം ചെയ്യാൻ നമുക്കു് ഒരു മാസികവഴി സാധിക്കും. അടുക്കളക്കാൎയ്യങ്ങൾ മുതൽ ലോകകാൎയ്യങ്ങൾ വരെ പലതും നമുക്കു് ചർച്ചചെയ്യേണ്ടതുണ്ടു്. എഴുതുവാൻ കഴിവുള്ള ഒട്ടേറെ സഹോദരിമാർ കേരളത്തിലുണ്ടു്. എന്തുകൊണ്ടു നോക്കിയാലും കേരളീയസ്ത്രീകൾ ഇതരരാജ്യങ്ങളിലെ സ്ത്രീകളുടെ ഒപ്പംതന്നെ ഉയൎന്നവരാണു്. നിങ്ങളുടെ സംരംഭത്തിന്നു് സകല സഹകരണങ്ങളും ഞാൻ വാഗ്ദാനം ചെയ്യുന്നു.

എൻെറ ഹൃദയംനിറഞ്ഞ
ആശംസകൾ.

ഷ്ട കുററത്തിന്നു് പ്രതികാരമായി നിങ്ങളവളെ ഉപേക്ഷിക്കരുതു്.... നിങ്ങൾക്കു് ബുദ്ധിയില്ലേ ?. ഒന്നു നല്ലവണ്ണം ആലോചിച്ചു നോക്കു... സ്നേഹമയിയായ തൻെറ കൂട്ടുകാരിയെ, അന്യരെ ബോധിപ്പിക്കുവാൻവേണ്ടി ഉപേക്ഷിക്കുന്നതു ശരിയാണോ ?'

'അല്ലെന്നെനിക്കറിയാം....പക്ഷെ'

'പിന്നെ, എന്താണിതിലൊരു പക്ഷെ'........

'അതോ, നിങ്ങൾ വിജയയുടെ വക്കീലിൻെറ ഉടുപ്പിട്ടിട്ടാണല്ലൊ ഇപ്പോൾ നില്ക്കുന്നതു്. അതു മാററി സഹാനുഭൂതിയുടെ കുപ്പായമിട്ടു വരൂ! 2½വയസ്സായ മകനേയും മടിയിലിരുത്തി, ഭർത്തൃപരിത്യക്തയായ ശകുന്തളയേപ്പോലെ, എൻെറ വീട്ടിലിരിക്കുന്ന, എൻെറ സഹോദരിയുടെ ഭാവിയെപ്പററി........നിങ്ങളാലോചിക്കുന്നുണ്ടോ ? ദിവസം ദിവസം എൻെറ പ്രതികാരാഗ്നി ആളിക്കത്തുകയാണു്........എൻെറ കുടുംബത്തെ അപമാനിച്ചു. എൻെറ സഹോദരിയുടെ ജീവിതം തുലച്ചു........അതിന്നു പകരം അവരേയും അപമാനിക്കാൻ എൻെറ വീട്ടുകാർ എന്നെ പ്രേരിപ്പിക്കുന്നുണ്ടു്. ഈ പ്രതികാരം, വിജയയോടുള്ള എൻെറ സ്നേഹത്തെ ജയിക്കുന്ന ദിവസമേ പക്ഷെ അതുണ്ടാവൂ........ഏതായാലും അവരുടെ വീട്ടിലേക്കു മടങ്ങിപ്പോവുക സാദ്ധ്യമല്ല. ...വീട്ടുകാരെ വിട്ടുവരാൻ അന്നവൾക്കു ധൈൎയ്യമുണ്ടായതുമില്ല.....ഇനി ഈ വൈകിയവേളയിൽ ഞാനെന്തു ചെയ്യും ? പറയൂ! എൻെറ സഹോദരിയുടെ ഭർത്താവു് വേറെ വിവാഹം കഴിച്ചു കഴിഞ്ഞു. ആ വാർത്ത അവളോടൊപ്പം എൻെറ നെഞ്ചിലും കനൽ കോരിയിട്ടു........ഇതൊക്കെ ഞാൻ സഹിച്ചു........അവർ ചെയ്യേണ്ടതെല്ലാം ചെയ്തു. ഇനി എൻെറ കടമ മാത്രമാണു് ബാക്കി. ഞാൻ എന്തുചെയ്യണം, പറയൂ........" അയാൾ തിരക്കി........ആ ആവേശത്തിൻെറ തള്ളിക്കയററത്തിൽ, സുശിക്ഷിതമായ എൻെറ വാഗ്വാദവും കൂടി ഒലിച്ചുപോയി........

"എല്ലാം ആലോചിച്ചുചെയ്യൂ," എന്നുമാത്രം പറഞ്ഞു് ഞാനദ്ദേഹത്തെ യാത്രയാക്കി........

മാസം ഒന്നുകഴിഞ്ഞു. ആ പ്രാവശ്യത്തെ ഓണത്തിന്നു് ഹരീന്ദ്രമേനവൻെറ പുനർവ്വിവാഹമാണെന്നു് ഒരു കിംവദന്തി അവിടെയെങ്ങും പരന്നു........വിജയ....പാവം ഒരു പ്രേതം പോലെയിരുന്നു.

'അദ്ദേഹത്തിൻെറ പ്രതികാരം ഒടുവിൽ ജയിച്ചിരിക്കണം' ഞാൻ വിചാരിച്ചു.

ആ വിവാഹവും നടന്നു.......അതിന്നും മംഗളപത്രങ്ങളുണ്ടായി.....ആശംസകളുണ്ടായി........

അന്നു്, വിജയയെ അമ്പലത്തിൽ വെച്ചു ഞാൻ കണ്ടു. അവൾ വ

# അമ്മയുടെ ഉൽക്കണ്ഠ

അമ്മിണി. കെ. മേനോൻ

എന്നരുമമകനേ, നീ രാവിലെ
പ്പൊന്നലർക്കയ്യിൽ പുസ്തകക്കെട്ടുമായ്
വന്നുനിന്നേവം ചോദിയ്ക്കയാ"ണമ്മെ
ഇന്നു കൂട്ടരോടൊത്തുഞാൻ പോവട്ടെ"

എന്തുചൊല്ലേണ്ടു, നിന്നുടെ യാത്രയെ-
ന്നന്തരംഗം പിളർക്കയാണോമനെ,
കണ്മണീ നീ പഠിച്ചുമിടുക്കനായ്
കാണ്മതിന്നെനിക്കാശയില്ലാതല്ല
നിന്നുടൽ വെയിലേററു തളർന്നാലോ;
പൊന്നു കാലടിപേർത്തുംകുഴഞ്ഞാലോ;
എൻമകൻ വിശന്നേററം വലഞ്ഞാലോ;
മന്മനസ്സേവമല്ലലാൽ വാടുന്നു.

എങ്കിലുംഞാൻ നിയന്ത്രിപ്പിതെന്നെയെൻ
തങ്കക്കുട്ടന്നു തിന്മഞാൻ ചേർത്താലോ!
ഇന്നു പോകരുതെന്നുവിലക്കുവാ
നെന്നുടെ മനസ്സോമനേ വെമ്പുന്നു.
ഏറിവന്നിട്ടും വാത്സല്യമെൻമക-
ന്നേററിയാലോ പരാജയം ലോകത്തിൽ
ഏവമോർത്തുഞാൻ മിണ്ടാതെനില്ക്കുന്നു
ഭാവഭേദം പുറത്തുകാണിയ്ക്കാതെ.

കൊച്ചു കൈത്തണ്ടിൽപ്പട്ടുശീലക്കുട
മെച്ചമാമ്മാറു തൂക്കിയിട്ടങ്ങിനെ
തഞ്ചെറു കണങ്കാലിൽതൊട്ടുംപടി
സഞ്ചികയ്യിൽ പണിപ്പെട്ടേടുത്തുമെ
തങ്കിടക്കാരോടൊത്തുസസന്തോഷ-
മെങ്കൽനിന്നു നീ വിട്ടുപോയിടുന്നു.
നിന്നടിവെപ്പതേല്ക്കുവാൻ മൺതരി
യൊന്നിനൊന്നു തിരക്കുന്നു തങ്ങളിൽ
എത്തിനോക്കുന്നു നിൻപോക്കു കാണുവാൻ
നെൽത്തലകൾ വയലുകൾതോറുമേ.

തെല്ലകലത്തു കാണുന്നുനല്ല ചെ-
ങ്കല്ലിനാൽ തീർത്ത ഗ്രാമവിദ്യാലയം
ചുററും ഭംഗിയിൽ ച്ചെത്തിയിട്ടുള്ളത-
ന്യുററമല്ലോ കളിപ്പാൻ നിനക്കിനി.

നീ തിരിച്ചു വരുന്നതോർത്തുകയായ്
ഞാൻ നിമിഷങ്ങളന്തിനീക്കീടുവേൻ.

—✳—

ഉരെ പ്രശാന്തയായിട്ടാണ് കാണ
പ്പെട്ടതു്........

ഞാൻ ഒടുവിൽ ചോദിച്ചു........
"കഷ്ടം, ജ്യേഷ്ഠനിങ്ങനെ സ്നേഹ
മില്ലാത്ത ആളായല്ലോ........"

'അല്ല ലീലേ, വാസ്തവം ഇതാ
ണ്........അദ്ദേഹത്തിന്നീ വിവാ
ഹം ആദ്യംതന്നെ തൃപ്തിയില്ലായി
രുന്നു. വീട്ടുകാരുടെ നിർബ്ബന്ധം
കൊണ്ടും 'എന്റെ ഭാരമൊഴിയ്ക്കാ
നുള്ളു' ഒരു വിധിയെന്ന നിലയ്ക്കു
മാണ് അന്നത് ചെയ്തത്........അ
വരൊക്കെ പുരുഷന്മാരല്ലേ..........
ഞങ്ങൾ രണ്ടു സ്ത്രീകളുടെ ജീവിതം
മാത്രം ഈ ഒത്തുമാററത്തിൽ തുല
ഞ്ഞു. അതു സാരമില്ല........ഇനി
യെങ്കിലും ഞങ്ങളുടെ വീട്ടിൽ ഇ
ങ്ങിനെ ഒരു 'കൊള്ളക്കൊടുക്കൽ'
നടക്കുകയില്ലല്ലോ എന്നാണ് സ
മാധാനം'.

പരിശുദ്ധമായ അവളുടെ ക
പോലങ്ങളിൽ രണ്ടു മുത്തുകൾ ഉരു
ണ്ടുവീഴുന്നതു ഞാൻ കണ്ടു........അവ
വീണതു്, സ്ത്രീത്വത്തിന്റെ അവ
ശതയിലോ, അതോ, ദുഷിച്ച സ
മുദായാചാരങ്ങളുടെ അസ്ഥിരത്വ
ത്തിന്മേലോ, എന്നു് വീണ്ടും വീ
ണ്ടും ഞാൻ ആലോചിച്ചുനോക്കി.

—✠—

## എല്ലാ പ്രവർത്തനരംഗങ്ങളിലും വിജയകരമായി പങ്കെടുക്കുന്ന

# അമേരിക്കൻ വനിതകൾ

ഫ്റെയ്ഡാ
എസ്സ്. മില്ലർ

['അരുണ'യുടെ ഓരോ ലക്കത്തിലും വിദേശീയ വനിതകളുടെ ജീവിതരീതിയെപ്പററിയും അവരുടെ സാമൂഹ്യപ്രവർത്തനങ്ങളെപ്പററിയും പ്രത്യേകതകളെപ്പററിയുമുള്ള ലേഖനങ്ങൾ ഉണ്ടായിരിക്കും. മിസ്സ് ഫ്റെയ്ഡാ. എസ്. മില്ലർ (അമേരിക്കൻ ലേബർ ഡിപ്പാർട്ട്മെൻറ് വിമൻസ് ബ്യൂറോ ഡയറക്ടർ) അയച്ചുതന്ന ലേഖനത്തിന്റെ സംഗ്രഹമാണ് ഇവിടെ ചേർക്കുന്നത്. അമേരിക്കൻ വനിതകളുടെ പൊതുവേയുള്ള സാമൂഹ്യസ്ഥിതി ഇതിൽനിന്നു് മനസ്സിലാക്കാവുന്നതാണ്.]

അമേരിക്കൻ വനിതയുടെ ഒരു വലിയ പ്രത്യേകത അവളുടെ സ്വാതന്ത്ര്യമാണ്. ആൺകുട്ടികളെപ്പോലെത്തന്നെ പെൺകുട്ടികൾക്കും വിദ്യാഭ്യാസസൗകര്യമുണ്ട്. പൊതുജീവിതത്തിലും കളികളിലും വിനോദങ്ങളിലും അവർക്ക് പങ്കെടുക്കാം; സ്വന്തമായി വ്യാപാരമോ വ്യവസായമോ നടത്താം; അധികാരസ്ഥാനങ്ങൾക്കുവേണ്ടി സ്ഥാനാർത്ഥിയായി നില്ക്കാം; പുരുഷന്മാരോടൊപ്പം വോട്ടവകാശവുമുണ്ട്. ഇത്രയും പറഞ്ഞതുകൊണ്ട് അമേരിക്ക സ്ത്രീകളുടെ ഒരു സ്വർഗ്ഗമാണെന്നു് വിചാരിക്കരുത്. നിയമത്തോടൊപ്പം ആചാരങ്ങൾ പലേടത്തും പുരോഗമിച്ചിട്ടില്ല. അമേരിക്കൻ വനിതകൾക്കും തങ്ങളുടെ പ്രശ്നങ്ങളുണ്ട്; ഭാരങ്ങളും തലവേദനകളുമുണ്ട്.

ഒരു രാഷ്ട്രമെന്നനിലയിൽ അമേരിക്കൻ ഐക്യരാജ്യം രൂപമെടുത്തശേഷം 175 വർഷത്തിനുള്ളിൽ സ്ത്രീകൾക്ക് ഗണ്യമായ തോതിൽ സമത്വവും സ്വാതന്ത്ര്യവും പൊതുജീവിതത്തിൽ ഉത്തരവാദിത്വവും ലഭിച്ചുവെന്നു മാത്രമാണ് ഇതിൽനിന്നു മനസ്സിലാക്കേണ്ടത്.

അമേരിക്കയിൽ ആകെയുള്ള വോട്ടർമാരിൽ പകുതിയിൽ കൂടുതൽ സ്ത്രീകളാണ്.

ഒരു അമേരിക്കൻ പെൺകുട്ടി സാധാരണയായി വിദ്യാഭ്യാസത്തിനു ശേഷം ഏതെങ്കിലും ഒരു തൊഴിലിൽ പ്രവേശിക്കുകയാണ് പതിവ്. സ്കൂൾജീവിതം കഴിഞ്ഞു് നേരിട്ട് വിവാഹത്തിലേക്കു പ്രവേശിക്കുന്ന പെൺകുട്ടികൾ അമേരിക്കയിൽ ദുർല്ലഭമാണ്. തൊഴിൽ ചെയ്യുന്ന ഈ ഘട്ടം അമേരിക്കൻ പെൺകുട്ടിയുടെ ജീവിതത്തിന്റെ ഒരു പ്രത്യേകതയായിത്തീന്നിട്ടുണ്ട്.

വിവാഹസമയത്തു് ഒരു അമേരിക്കൻ വനിതയുടെ ശരാശരി വയസ്സ് ഇരുപത്തിഒന്നോ ഇരുപത്തിരണ്ടോ ആയിരിക്കും. അവളുടെ ഭർത്താവിനു് സാധാരണയായി മൂന്നു വയസ്സ് അധികം പ്രായം ഉണ്ടായിരിക്കും. വിവാഹത്തിനു ശേഷം ഒരു വർഷം കഴിഞ്ഞാണ് ആദ്യത്തെ കുട്ടി ഉണ്ടാകാറുള്ളത്. ഒരു മാതാവിന്നു ശരാശരി മൂന്നു കുട്ടികൾ ഉണ്ടായിരിക്കുന്നതും, മാതാവിനു് ഇരുപത്തെട്ടു വയസ്സാകുന്നതിനു മുൻപ് അവസാനത്തെ കുട്ടിജനിക്കുന്നതുമാണ്. കുട്ടികളുടെ വിവാഹസമയത്തു് സാധാരണയായി മാതാവിനു് അൻപതോ, അൻപത്തിമൂന്നോ വയസ്സ് പ്രായം ഉണ്ടായിരിക്കും. ഭർത്താവിന്റെ മരണത്തിനു ശേഷം ഭാര്യ കുറേനാൾ കൂടി ജീവിച്ചിരിക്കാറുണ്ട്. അമേരിക്കയിൽ സ്ത്രീകളുടെ ആയുർദൈർഘ്യം അറുപത്തിഒൻപതു വയസ്സും, പുരുഷന്മാരുടേതു് അറുപത്തിനാലു വയസ്സും ആണ്. ഇരുപതു വയസ്സിൽ അധികമുള്ള അമേരിക്കൻ വനിതകളിൽ എഴുപതു ശതമാനം വിവാഹിതരാണ്. പതിനാറു ശതമാനം വിധവകളോ, വിവാഹമോചനം നേടിയവരോ ആണ്. ശേഷിച്ച പതിനാലു ശതമാനം അവിവാഹിതകളാണ്.

ചില പെൺകുട്ടികൾ വിവാഹം ചെയ്യുന്നതുവരെ മാത്രമെ ഉദ്യോഗജീവിതം തുടരുകയുള്ളു. എന്നാൽ ഉന്നതവിദ്യാഭ്യാസം സിദ്ധിച്ചിട്ടുള്ള പെൺകുട്ടികൾ അധികംപേരും ദാമ്പത്യജീവിതകാലത്തും ഉദ്യോഗജീവിതം തുടരുവാൻ ഇഷ്ടപ്പെടുന്നു. അങ്ങിനെയുള്ള പ്രമുഖവനിതകളിൽ ഒരാളാണ് 'ഡോക്ടർ ലില്ലിയൻ ഗിൽബ്ര

ണ്ടു്.' ഈ മഹതിയുടെ അസാധാരണമായ സേവനങ്ങളെ പരിഗണിച്ചു് 1948 നവമ്പറിൽ 'അമേരിക്കൻ വിമൺസ് അസ്സോസ്സിയേഷൻ' അവൾക്കു് ഒരു ബഹുമതി ബിരുദം നൽകുകയുണ്ടായി. എഴുപതു വയസ്സുള്ള ഇവർ ഒരു 'യൂനിവേഴ്സിററി പ്രൊസഫർ' ആണ്; ഒരു എൻജിനീയറിങ്ങ് കമ്പിനിയുടെ പ്രസിഡണ്ടാണ് അവർ; പന്ത്രണ്ടു കുട്ടികളെ പ്രസവിച്ച ഒരു അമ്മയാണ്; കുട്ടികളിൽ പതിനൊന്നു പേർ ഇപ്പോഴും ജീവിച്ചിരിക്കുന്നു എന്നതും മക്കളുടെ മക്കളായി പതിനെട്ടു പേർ ഉണ്ടെന്നുള്ളതും പ്രത്യേകം പ്രസ്താവ്യമാണ്.

ദാമ്പത്യജീവിതവും, ഉദ്യോഗജീവിതവും, ഒരേ സമയത്തു തുടന്നു കൊണ്ടുപോകുവാൻ അമേരിക്കൻ വനിതകൾ ഭൂരിപക്ഷവും നിർബ്ബന്ധിതരാകുന്നു. വിധവകളോ വിവാഹമോചനം സിദ്ധിച്ചവരോ തങ്ങളുടെ കുട്ടികളെ വളത്തുന്നതിനുവേണ്ടി ഏതെങ്കിലും തൊഴിലിൽ പ്രവേശിക്കുന്നു. തൊഴിൽ ചെയ്തു ജീവിക്കുന്ന വനിതകളിൽ നാല്പത്താറു ശതമാനവും വിവാഹിതരാണ്. കുടുംബപരമായ ആവശ്യങ്ങൾക്കു് കൂടുതൽ പണം വേണ്ടിവരുന്നതിനാലാണ് ഇവർ ജോലിക്കു പോകുന്നതു്. ജീവിത ചിലവു് വദ്ധിച്ചിരിക്കുന്ന ഈ അവസരത്തിൽ അതൊരത്യാവശ്യമായി തീന്നിരിക്കയുമാണ്. അമേരിക്കയിൽ വ്യവസായീകരണം അഭിവൃദ്ധിപ്പെട്ടതോടുകൂടി നഗരങ്ങളിലേക്കു ജനങ്ങൾ ആകഷിക്കപ്പെട്ടു തുടങ്ങി. തൽഫലമായി സ്ത്രീകളിൽ അറുപത്തൊന്നു ശതമാനവും, പുരുഷന്മാരിൽ അൻപത്തിഒമ്പതു ശതമാനവും നഗരങ്ങളിലാണ് താമസിക്കുന്നതു്.



ശ്ലാഘനീയങ്ങളായ സേവനങ്ങളേയും നേട്ടങ്ങളേയും പരിഗണിച്ചു് വിമൻസ് നാഷനൽ ക്ലബ്ബ് ആറ് അമേരിക്കൻ വനിതകളെ ബഹുമാനിക്കയുണ്ടായി. പ്രസ്തുത വനിതകൾക്കു് പ്രസിഡണ്ട് ട്രൂമാൻ ബഹുമതി ബിരുദം നൽകുന്നു.

(ഇടത്തുനിന്നു വലത്തോട്ടു്)

(1) മിസ്സിസ് മർജോറി ചൈൽഡ് ഹസ്സുഡ്, (വ്യാപാര സാമത്ഥ്യം; കുടുംബബഡ്ജററ് തയ്യാറാക്കുന്നതിനും അമേരിക്കൻ വനിതകൾക്കു് നൽകിയ നേതൃത്വം.) (2) മിസ്സിസ് ഡൊറോത്തി ലി (മേയർ ഓഫ് പോർട്ട്ലാണ്ട്—തദ്ദേശഭരണ സാമത്ഥ്യം.) (3) മാഡലൈൻ കരോൾ (അഭിനയവൈദഗ്ദ്ധ്യം) (4) മിസ്സിസ് ട്രൂമാൻ, (5) പ്രസിഡണ്ട് ട്രൂമാൻ, (6) മിസ്സിസ് അന്നാമോസസ് (ചിത്രകല) (8) മിസ്സിസ് റൂസ്‌വെൽററ്. (1948-ൽ യു. എൻ. ഓ. വിൻെറ മനുഷ്യാവകാശക്കമ്മീഷനിലെ അദ്ധ്യക്ഷയെന്ന നിലയിൽ നടത്തിയ സേവനം.)

മിതമായ വരുമാനമുള്ള ഒരു കുടുംബത്തിനു് നഗരത്തിൽ റെറലിഫോൺ, റേഡിയോ, മുതലായവ തങ്ങളുടെ വീട്ടിൽ ഏപ്പെടുത്തുവാൻ കഴിയുന്നതാണ്. ഗ്രാമങ്ങളിൽ ഉള്ളവക്കുപോലും വിദ്യുച്ഛക്തി ഉപയോഗപ്പെടുത്തക്ക രീതിയിൽ അമേരിക്കയിലെ ഫെഡറൽ ഗവൺമെൻറ് പ്രവത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

ഒരു സാധാരണ അമേരിക്കൻ കുടുംബത്തിൽ വേലക്കാരികൾ ഉണ്ടായിരിക്കയില്ല. കാരണം അമേ

രിക്കയിൽ ആകപ്പാടെ പന്ത്രണ്ടു ലക്ഷം വീട്ടുവേലക്കാർ മാത്രമെയുള്ളു. അവരിൽ തൊണ്ണൂറു ശതമാനവും സ്ത്രീകൾതന്നെയാണുള്ളത്. അവരിൽ പലരും യുദ്ധാരംഭത്തോടു കൂടി കൂടുതൽ കൂലി ലഭിക്കുന്ന മററു തൊഴിലുകൾ സ്വീകരിക്കുകയുണ്ടായി. അതിനെതുടർന്ന് മററു രാജ്യങ്ങളിലെന്നപോലെ ചെറിയ കുട്ടികളോ, വൃദ്ധജനങ്ങളോ ഉള്ള വീടുകളിലെ ജോലിയുടെ സ്ഥിതി അല്പം തകരാറിലായിട്ടുണ്ട്. സാധാരണയായി ഗൃഹനായികതന്നെയാണ് വീട്ടിലെ ജോലി മിക്കവാറും ചെയ്യുന്നതു്.

ഗവമ്മെൻറിലും ഫാക്ടറികളിലും ഉദ്യോഗം സ്വീകരിക്കുന്ന സ്ത്രീകളുടെ എണ്ണം അനുദിനം വർദ്ധിച്ചുവരികയാണ്. 1948 ഒക്ടോബർ മാസത്തിലെ കണക്കനുസരിച്ച് 18,000,000 തൊഴിലാളികൾ സ്ത്രീകളായിരുന്നു. ആകെയുള്ള തൊഴിലാളികളുടെ 29 ശതമാനമാണിതു്. ഇവരിൽ 4,500,000 പേർ ക്ലാക്കുമാരായിരുന്നു. പുകയില, ടെക്സ്റൈറൽ, തോൽ, കടലാസ്, ഭക്ഷണസാധനങ്ങൾ, റബ്ബർ, മുതലായവ സംബന്ധിച്ചുള്ള പ്രവൃത്തികളിലും, അച്ചടി ശാലകളിലും, വിദ്യുച്ഛക്തി യന്ത്രശാലകളിലും ഇങ്ങിനെ എല്ലാവിധമായ തൊഴിലിലും സ്ത്രീകൾക്ക് പ്രവേശനമനുവദിച്ചിട്ടുണ്ടു്. ഇവരുടെ കരകൗശലത്തെയും, ക്ഷമയെയും പരിഗണിച്ച് ഇവക്കു ചില ഫാക്ടറികളിൽ പുരുഷന്മാരെ അപേക്ഷിച്ച് കൂടുതൽ പരിഗണന ലഭിച്ചുവരുന്നു. ഫെഡറൽ ഗവമ്മെൻറിൽ നാലു ലക്ഷത്തിൽപരം സ്ത്രീകൾക്ക് ഉദ്യോഗം ലഭിച്ചിട്ടുണ്ടു്.

പത്രപ്രവത്തനത്തിലും സ്ത്രീകൾക്ക് ഗണ്യമായ ഒരു പങ്കുണ്ട്. 1940-ലെ കണക്കനുസരിച്ച്, പത്രപ്രവത്തകരിൽ നാലിലൊന്നു് സ്ത്രീകളായിരുന്നു. യുദ്ധകാലത്ത് ഈ തോതു് വളരെ വദ്ധിച്ചുവെങ്കിലും, യുദ്ധരംഗങ്ങളിൽനിന്നു് പുരുഷന്മാർ മടങ്ങി വന്നപ്പോൾ പത്രപ്രവത്തനത്തിൽ പ്രവേശിച്ച സ്ത്രീകളുടെ ശതമാനം വീണ്ടും കുറഞ്ഞുപോയി. റേഡിയോ വകുപ്പിൽ 1500-ൽ പരം സ്ത്രീകൾ പ്രവത്തിച്ചു വരുന്നു.

വൈമാനികവൃത്തി പഠിച്ചിട്ടുള്ള അമേരിക്കൻ വനിതകളും ധാരാളമുണ്ടു്. 1946_ൽ വൈമാനികജോലിക്കുള്ള പ്രൈവററ് ലൈസൻസ് 4195 സ്ത്രീകൾക്ക് ലഭിക്കയുണ്ടായി.

ഒരു നല്ല ശതമാനം അമേരിക്കൻ വനിതകൾക്ക് വാഹനങ്ങൾ ഓടിക്കുവാൻ അറിയാം. 16-ാമത്തെ വയസ്സിൽ മിക്ക ആൺകുട്ടികളും പെൺകുട്ടികളും ഡ്രൈവർമാരുടെ ലൈസൻസ് എടുക്കുന്നു. വാഹനങ്ങൾ ഓടിക്കുവാൻ സ്കൂളുകളിൽ അവരെ പഠിപ്പിക്കയും വാഹന നിയമങ്ങൾ പറഞ്ഞു മനസ്സിലാക്കുകയും ചെയ്യുന്നു. പുരുഷന്മാരെക്കാൾ അപകടം കുറഞ്ഞ രീതിയിൽ വാഹനങ്ങൾ ഓടിക്കുന്നതു് സ്ത്രീകളാണെന്നു സ്ഥിതി വിവരക്കണക്കുകൾ തെളിയിക്കുന്നു. അമേരിക്കൻ സൈനികവകുപ്പിൽ വനിതാ ഡ്രൈവർമാരുടെ സാമത്ഥ്യത്തിൽ വലിയ വിശ്വാസമാണുള്ളതു്. കഴിഞ്ഞ യുദ്ധത്തിൽ ജനറൽ ഐസൻഹോവർ ഉൾപ്പെടെ വലിയ സൈനികോദ്യോഗസ്ഥന്മാർ ഡ്രൈവർമാരായി നിശ്ചയിച്ചതു് സ്ത്രീകളെയാണ്.

ആകപ്പാടെ നോക്കിയാൽ അമേരിക്കൻ വനിതകൾ ബഹുമുഖമായ പുരോഗതിയിലേയ്ക്കു കുതിച്ചുകൊണ്ടിരിക്കയാണെന്നു് പ്രസ്പഷ്ടമാകുന്നതാണ്.

— —

## സംസ്ക്കാരസമ്പന്നരായ കേരളീയവനിതകൾ

രാജ്യത്തിൻെറ മററുപല ഭാഗങ്ങളേയും അപേക്ഷിച്ച വിദ്യാഭ്യാസ വിഷയത്തിൽ മലബാറിലെ വനിതകൾ വളരെയധികം മുന്നോട്ടു പോയിട്ടുണ്ടു്. അഭ്യസ്തവിദ്യരായ നിരവധി വായനക്കാർ നിങ്ങളുടെ മാസികയ്ക്കുണ്ടായിരിക്കും. കേരളത്തിലെ സംസ്കാര സമ്പന്നരായ വനിതകൾക്ക് യോജിച്ച ഒരു മാസികയായിരിക്കട്ടെ ഇതെന്നു് ഞാൻ ആശിക്കുന്നു.

എൻ. രഘുനാഥയ്യർ
പ്രസിഡണ്ടു്
സതേൺഇന്ത്യാ ജർണലിസ്റ്റ് ഫെഡറേഷൻ.
മദിരാശി.



# പാർലിമെൻറിലേക്കുള്ള തിരഞ്ഞെടുപ്പിൽ കേരളീയ വനിതകൾ അവഗണിക്കപ്പെട്ടു

**കോട്ടയം നായർ സമ്മേളനത്തോടനുബന്ധിച്ച് നടത്തപ്പെട്ട നായർ വനിതാസമ്മേളനത്തിൽ അദ്ധ്യക്ഷതവഹിച്ചുകൊണ്ട് മിസ്സിസ് തങ്കമ്മ എൻ. മേനോൻ ചെയ്ത പ്രസംഗത്തിൽ ഇപ്രകാരം പറഞ്ഞു:**

"ഒരു സ്വതന്ത്രഭാരതം കെട്ടിപ്പടുക്കുവാനുള്ള ഭാരം നമ്മിൽ നിപതിച്ചിരിക്കയാണ്. ഇതിൽ സ്ത്രീകൾക്ക് വലിയൊരു പങ്കു വഹിക്കാനുണ്ട്. പടച്ചട്ടയിട്ട് അടക്കളത്തിലടരാടിയ എത്രയെത്ര ധീരവനിതകളെയാണ് ഭാരതം ലോകത്തിന്ന് സംഭാവന ചെയ്തിട്ടുള്ളത്. ഭാവിപൌരന്മാരെ കരുപ്പിടിപ്പിക്കുകയെന്ന ചുമതല സ്ത്രീസമുദായത്തിന്നുള്ളതാണ്. ബാലികാബാലന്മാരുടെ സ്വഭാവരൂപവൽക്കരണത്തിലും മററു പരിശീലനങ്ങളിലും ഗവമ്മെൻറിന്നു തുല്യചുമതലയാണുള്ളതെന്ന് ഞാൻ കരുതുന്നു.

ഗൃഹജോലികളിൽ സദാ സമയവും ചിലവഴിക്കാതെ, വിശ്രമവേളകളിൽ രാഷ്ട്രീയ സാമൂഹ്യകാര്യങ്ങളിൽ ശ്രദ്ധിക്കേണ്ടതു് സ്ത്രീകൾക്കത്യാവശ്യമാണ്.

ഹിന്ദു നിയമം പാസ്സാക്കുമ്പോൾ മരുമക്കത്തായത്തിന്ന് യാതൊരു കോട്ടവും വരുത്തരുതെന്ന് അവകാശവാദം മുഴക്കേണ്ടതു് നമ്മുടെ കർത്തവ്യമാണെന്ന് ഞാൻ ഉൽബോധിപ്പിച്ചുകൊള്ളട്ടെ.

സ്ത്രീലോകത്തോടു് ഒട്ടും തന്നെ മര്യാദയായിട്ടല്ല ഇന്നത്തെ ജനകീയഗവമ്മെണ്ട് പെരുമാറുന്നതു്. സെൻസസ് പരിശോധിക്കുന്ന പക്ഷം തിരു-കൊച്ചി ഐക്യസംസ്ഥാനത്തിലെന്നല്ല ഇന്ത്യയിൽ തന്നെയുള്ള ജനസംഖ്യയിൽ പകുതിയിലധികവും സ്ത്രീകളാണെന്നു കാണാം. ഈ ഐക്യസംസ്ഥാനത്തിൽനിന്ന് കേന്ദ്രഅസംബ്ലിയിലേക്ക് ഒരൊററ സ്ത്രീയെപ്പോലും തിരഞ്ഞെടുക്കുന്നതിന്ന് ഇന്നത്തെ ഭരണകൂടം തയ്യാറായില്ല. വെറും അടുക്കളകൊണ്ടു് മാത്രം തൃപ്തിപ്പെടാതെ ജീവിതത്തിൻെറ എല്ലാ മണ്ഡലങ്ങളിലും സ്ത്രീകളുയരണം, അവരുടെ അവകാശങ്ങൾ കണക്കുപറഞ്ഞു വാങ്ങിക്കണം."

---

## വിജയാശംസ

ഒരു വനിതാമാസിക നിങ്ങൾ മലയാളത്തിൽ നടത്തുവാൻ നിശ്ചയിച്ചിരിക്കുന്നുവെന്നറിഞ്ഞതിൽ സന്തോഷിക്കുന്നു. നിങ്ങൾ നടത്തുവാനുദ്ദേശിക്കുന്ന മാസിക, എനിക്കറിയാവുന്നിടത്തോളം, മലയാളക്കരയിൽ വളരെ സാധാരണമല്ലാത്ത ഒന്നാണ്. യഥാർത്ഥത്തിലുള്ള വിദ്യാഭ്യാസമൂല്യം നിങ്ങളുടെ മാസികയ്ക്കു് ഉണ്ടായിരിക്കുമെന്ന് ഞാൻ ആശിക്കുന്നു. ഈ ഉദ്യമത്തിൽ നിങ്ങൾക്കു് സർവ്വ വിജയങ്ങളും ആശംസിച്ചുകൊള്ളുന്നു.

മിസ്സിസ് ജോൺമത്തായി (ഒപ്പ്)

ന്യൂഡൽഹി.

---

## മിസ്സ് ആനിമസ്ക്രീൻ

തിരു-കൊച്ചിയിലെ ഒന്നാമത്തെ വനിതാമന്ത്രിയായിരുന്ന മിസ്സ് ആനിമസ്ക്രീൻ മന്ത്രിസഭയിൽനിന്ന് അടുത്തകാലത്ത് രാജിവെയ്ക്കുകയുണ്ടായല്ലൊ. അവരെ പാർലിമെണ്ടിലേക്ക് സ്ഥാനാർത്ഥിയായി നിർത്താമെന്ന് ഡി. സി. സി. പ്രസിഡണ്ട് മി. സി. കേശവൻ സമ്മതിച്ചുവെന്നും പിന്നീടു് അതനുസരിച്ചു് പ്രവർത്തിച്ചില്ലെന്നും അവരുടെ ഒരു പ്രസ്താ

വനയിൽ പറയുന്നു. "എന്നെ ചതിക്കുന്നതു് ആദ്യമായിട്ടല്ല". എന്നും മിസ്സ് മസ്ക്രീൻ പറയുന്നു.

## പൊതുവേ—

പാൎല്ലിമെണ്ടിലേക്കു് സ്ത്രീകളെ അയക്കുന്ന കാൎയ്യത്തിൽ പ്രത്യേകം ശ്രദ്ധിക്കണമെന്നു് രാജ്കുമാരി അമൃതകോർ മദിരാശിയിലെ കോൺഗ്രസ്സ് ഭരണാധികാരികളെ അനുസ്മരിപ്പിച്ചെങ്കിലും, അവരുടെ ഉൽബോധനം വനരോദനമായി പരിണമിക്കയാണുണ്ടായതു്. സ്ത്രീകളെ പാൎല്ലിമെൻറിലേക്കു് തിരഞ്ഞെടുത്തയച്ച കാൎയ്യത്തിൽ നീതി കാണിച്ചിട്ടില്ലെന്നു് പണ്ഡിററ് നെഹറു പാൎല്ലിമെണ്ടിൽ ഉറന്നു പറയുകയുണ്ടായി.

നാട്ടിലും വിദേശങ്ങളിലും സേവനമനുഷ്ഠിക്കുന്ന ഇന്ത്യൻസ്ത്രീകൾ തങ്ങളുടെ കൎത്തവ്യം യഥായോഗ്യം നിറവേററിയിട്ടുണ്ടെന്നും അതേസമയം കൃത്യവിലോപം കാണിച്ചിട്ടുള്ള നിരവധി പുരുഷന്മാരെപ്പററി തനിക്കറിയാമെന്നും പണ്ഡിററ്നെഹ്റു പാർലിമെൻറിൽ പ്രസ്താവിച്ചു.

ഇപ്രകാരം കാൎയ്യക്ഷമതയിലും വിദ്യാഭ്യാസവിഷയത്തിലും സാമൂഹ്യപ്രവൎത്തനത്തിലും പുരുഷന്മാരെക്കാൾ ഒട്ടും പിന്നണിയിലല്ലാത്ത ഇന്ത്യൻ സ്ത്രീകളെ, പ്രത്യേകിച്ചു് കേരളീയസ്ത്രീകളെ, പാർലിമെൻറിലേക്കു് തിരഞ്ഞെടുക്കുന്നതിൽ പ്രാദേശികകോൺഗ്രസ്സ് നേതാക്കൾ പ്രദൎശിപ്പിച്ച വൈമുഖ്യം ആക്ഷേപാൎഹമാണു്.

—*—

ദി ബാങ്ക് ഓഫ് ന്യൂ ഇൻഡ്യാ (ക്ലിപ്തം)
H. O. തിരുവനന്തപുരം.
ശാഖകൾ

| | | |
|---|---|---|
| ചാത്തന്നൂർ | കോട്ടയം | തിരുവല്ല |
| ചെങ്ങന്നൂർ | മുരുക്കുംപുഴ | തിരുവനന്തപുരം |
| കോഴഞ്ചേരി | പുനലൂർ | വക്കം |

മററു പ്രധാന സ്ഥലങ്ങളിൽ ഏജൻസി ഏൎപ്പാടുകളും ഉണ്ടു്.
തിരുവനന്തപുരം, കെ. ഇ. ചെറിയാൻ,
ജനറൽ മാനേജർ.

ആരോഗ്യസാധകം
അമിതമായ ശുക്ലവ്യയത്താൽ നശിച്ചുപോയ തലച്ചോറിൻെറയും പുരുഷത്വത്തിൻെറയും ശക്തി വീണ്ടെടുത്തു് ശരിയായ രതിസുഖം അനുഭവിക്കുന്ന ഒരു സിദ്ധൌഷധം.
ആയുൎവ്വേദവിധിക്കനുസരിച്ചുണ്ടാക്കിയ മിക്ക മരുന്നുകളും തയ്യാറുണ്ടു്. കേററലോഗിന്നെഴുതുക.
ടി. കെ. മേനോൻ.
മുതുതലവൈദ്യശാല, P. O. മുതുതല (വഴി) പട്ടാമ്പി.



# സ്ത്രീ പുരുഷബന്ധം

## യുവത്വത്തിലേക്ക് വളർന്നുവരുന്ന കുട്ടികൾക്ക് ലൈംഗികവിജ്ഞാനം ലഭിക്കാത്തതിന്റെ കുഴപ്പങ്ങൾ

സ്ത്രീപുരുഷബന്ധത്തെപ്പററി പത്രങ്ങളിലും പ്രസംഗവേദികളിലും നടക്കുന്ന തുറന്ന സംവാദങ്ങൾ നമ്മുടെ മുത്തശ്ശിമാരെ ഞെട്ടിപ്പിക്കുന്നവയാണു്. ദാമ്പത്യജീവിതം ദൈവികവും ധാർമ്മികവുമായിരിക്കണമെന്നു് മതഭക്തരായ ആളുകൾ വാദിക്കുമ്പോൾ, സ്ത്രീപുരുഷബന്ധം ഇഷ്ടംപോലെയാകാമെന്നു ചില പുതുമക്കാർ വാദിക്കുന്നു. വാദിക്കുന്നവരിൽ പലക്കും രണ്ടു ബദ്ധങ്ങൾ പററാറുണ്ടു്. ഒന്നാമത്തേതു ലൈംഗികശാസ്ത്രത്തിലുള്ള അജ്ഞതയും രണ്ടാമത്തേതു് ലൈംഗികസംയോഗത്തിന്റെ അനന്തരഫലത്തെപ്പററിയുള്ള ബോധക്കുറവുമാണു്.

### സംയോഗം വിനോദമാണൊ?

പുരുഷനും സ്ത്രീയും തമ്മിൽ സംയോഗത്തിലേർപ്പെടുമ്പോൾ, ഏതു പരിതസ്ഥിതിയിലായാലും, അതിന്നു് വ്യക്തിപരമായും സാമൂഹ്യമായുമുള്ള പ്രത്യാഘാതങ്ങളുണ്ടായിരിക്കും. വിവാഹം ഗാന്ധർവ്വമായാലും മററു വിധത്തിലുള്ളതായാലും വിവാഹപരിധിക്കു പുറമേയുള്ള സംയോഗമായാലും പുരുഷനെയും സ്ത്രീയെയും അതു് സാരമായി ബാധിക്കും. ചുരുക്കിപ്പറഞ്ഞാൽ സ്ത്രീപുരുഷബന്ധം ഒരു വിനോദമല്ലെന്നും, അവരുടെ പ്രവൃത്തിയുടെ അനന്തരഫലത്തിൽനിന്നു അവക്കു രക്ഷപ്പെടുവാൻ സാധിക്കയില്ലെന്നും മനസ്സിലാക്കണം. സ്ത്രീകൾക്കു് പുരുഷനെ അപേക്ഷിച്ചു ഒരു ശല്യംകൂടിയുണ്ടു്. അതു് ഗർഭധാരണമാണു്. കാമലോലുപരായ പുരുഷന്മാരുടെ പിത്തലാട്ടങ്ങൾക്കു് ചില പെൺകുട്ടികൾ വിധേയരായിത്തീരുന്നതും പിന്നീടു് ആത്മഹത്യചെയ്യുവാൻ കയറും മരക്കൊമ്പും അന്വേഷിച്ചു നടക്കുന്നതും കാണാറുണ്ടല്ലോ. ചില അമ്മമാർ തങ്ങളുടെ പിഞ്ചുപൈതങ്ങളെ ഞെക്കിക്കൊല്ലുകയും ചെയ്യുന്നു. സാമൂഹ്യമായ പ്രത്യാഘാതങ്ങളെപ്പററി ഓർക്കാതെ വ്യക്തികൾ സംയോഗത്തിൽ അകപ്പെടുന്നതിന്റെ ഫലമാണിതു്.

### തുറന്നു പറയണം

ലൈംഗികകാര്യങ്ങളെപ്പററി പറയുന്നതു് അസഭ്യമാണെന്നു് കരുതുന്നവരുണ്ടു്. കാവ്യങ്ങളിലെ ശൃംഗാരം ശൃംഗാരാഭാസമായി ചിലപ്പോൾ അധഃപതിക്കാറുള്ളതുപോലെ സംഭാഷണത്തിൽ ലൈംഗികവിഷയങ്ങൾ തെറിപറയലായി കലാശിക്കുവാൻ എളുപ്പമുണ്ടു്. അതു് നിമിത്തമായിരിക്കാം സംഭാഷണങ്ങളിൽനിന്നു ലൈംഗികകാര്യ

## കമലം-ദാമോദരൻ.


അനേക വർഷങ്ങളായി സ്ത്രീലോകത്താൽ ആദരിക്കപ്പെട്ടുപോരുന്ന

**ഗർഭരക്ഷാഗുളിക**

ഗർഭിണികൾക്കുണ്ടാകുന്ന തലചുററൽ ഛർദ്ദി, ആഹാരസാനങ്ങളോടുള്ള വെറുപ്പ്, അരുചി, വിശപ്പില്ലായ്മ, കൈകാൽതളർച്ച, നടുവിന്നും സന്ധുക്കൾക്കുമുള്ള വേദന, ശ്വാസംമുട്ടൽ; മലബന്ധം, മൂത്രതടസ്സം, ഗർഭം അലസുക ഇതുകളെ നിശ്ശേഷം മാററി സുഖപ്രസവത്തെയും ശിശുവിന്നും മാതാവിന്നും നല്ല ആരോഗ്യത്തെയും പ്രദാനം ചെയ്യുന്നു. ഗർഭാരംഭം മുതൽ പ്രസവകാലം വരെ ഉപയോഗിക്കേണ്ട ഉത്തമ ഔഷധം.

ബ്ളഡ്-ഇൻ-ദ്രാക്ഷാ നിർമ്മാതാക്കളാൽ തയ്യാറാക്കപ്പെട്ടതു്. ഒരു മാസത്തെ ഉപയോഗത്തിന്നു് 60 ഗുളിക. 3 രൂപാ. രണ്ടുമാസത്തെ ഉപയോഗത്തിന്നുള്ള 120 ഗുളിക 5 രൂപാ 8 ണ.

വി. പി. അയയ്ക്കാനാവശ്യപ്പെടുക.

എസ് ജി എ ഫാർമസി,
കളരിക്കൽബസാർ കോട്ടയം. തിരുവിതാംകൂർ

ത്തെ മറച്ചു വെക്കേണ്ടതായി വരുന്നതു്. ഇന്നത്തെ നമ്മുടെ സമുദായത്തിൽ, കുട്ടികൾക്കു് ലൈംഗികമായി യാതൊരു കാര്യവും മാതാപിതാക്കളിൽനിന്നു പഠിക്കുവാൻ സാധിക്കുന്നില്ല. അതിലെന്തോ അപകടമുണ്ടെന്നാണു് മാതാപിതാക്കളുടെ വിചാരം. അതിൻെറ ഫലമെന്താണു്? മിക്കവാറും ദുർമ്മാർഗ്ഗികളിൽനിന്നാണു് കുട്ടികൾ ലൈംഗികകാര്യങ്ങളെപ്പററി കേട്ടുതുടങ്ങുന്നതു്. അല്ലാത്ത ചില കുട്ടികൾ അതിനെപ്പററി ഒന്നുമറിയാതെ ആപൽക്കരമായ അബദ്ധങ്ങളിൽ ചെന്നു ചാടുന്നു. പെൺകുട്ടികൾ ഋതുവാകുമ്പോൾ ശരീരത്തിലുണ്ടാകുന്ന ചില വ്യത്യാസങ്ങൾ—പ്രത്യേകിച്ചു് ആർത്തവം—വല്ല സുഖക്കേടുമാണൊ എന്നു് അജ്ഞരായ കുട്ടികൾ സംഭ്രമിക്കാറുണ്ടു്. അതുപോലെ ചില കാര്യങ്ങൾ ആരോടാണു് ചോദിച്ചു മനസ്സിലാക്കേണ്ടതെന്നറിയാതെ പല പെൺകുട്ടികളും വിഷമിച്ചിട്ടുള്ളതായി എന്നോടു് പില്ക്കാലത്തു് അവർ പറയുകയുണ്ടായിട്ടുണ്ടു്. അതിനാൽ പത്രാധിപർ അനുവദിക്കുമെങ്കിൽ ഈ ലേഖനപരമ്പരയിൽ ചില കാര്യങ്ങൾ തുറന്നു പറയുവാൻ ഞാൻ ആഗ്രഹിക്കുന്നു. (അനുവദിക്കാം—പത്രാധിപർ)

ശരീരശാസ്ത്രപരമായ വിശദവിവരങ്ങളെപ്പററി പിന്നീടു് പറയാം. ഇപ്പോൾ സംയോഗത്തിൻെറ സാമൂഹ്യമായ ഭവിഷ്യത്തുകളെപ്പററി ചിന്തിക്കാം.

ഒന്നാമതായി, 'ശകുന്തള'മാരെപ്പററി—മാതാപിതാക്കന്മാരുടെ അറവു കൂടാതെ സംയോഗത്തിനു വഴിപ്പെടുന്ന കന്യകമാരെപ്പററി—ആണു് ആലോചിക്കേണ്ടതു്. അവർ ഇടയ്ക്കിടയ്ക്കു് സമുദായത്തിൻെറ മുമ്പിൽ ചോദ്യചിഹ്നമായി ഉയർന്നു വരാറുണ്ടല്ലോ.

### പോംവഴികൾ

ഗർഭധാരണം സംയോഗത്തിൻെറ അനന്തരഫലമാണെന്നു് അതിലേർപ്പെടുന്ന പുരുഷനും സ്ത്രീയും മറന്നു പോകരുതു്. അതിനെ എങ്ങനെ നേരിടും. നിർബ്ബന്ധിതവിവാഹം, ഗർഭം അലസിപ്പിക്കൽ, 'തന്തയില്ലാത്ത'കുട്ടിയുടെ ജനനം ഇങ്ങനെ

# അടുക്കളയിൽ

## മോലി

| | |
|---|---|
| മീൻ അല്ലെങ്കിൽ ഇറച്ചി അല്ലെങ്കിൽ മുട്ട | 1 റാത്തൽ. |
| ഇഞ്ചി | 1 കഷ്ണം. |
| വെള്ളുള്ളി | 1 കുടം. |
| ചുവന്ന മുളകു് | 5 |
| മഞ്ഞൾ | 1 കഷണം. |
| പച്ചമുളകു് | 4 |
| സവാള. | 2 |
| വിനാഗിരി | 1 ചായക്കരണ്ടി. |
| തേങ്ങാപ്പാൽ | 1 മുറി തേങ്ങയുടെ പാൽ (ആദ്യത്തേതും രണ്ടാമത്തേതും വെവ്വേറെ പിഴിഞ്ഞെടുക്കണം) |

മാർഗ്ഗം. ഇഞ്ചി, ചുവന്നമുളകു്, വെള്ളുള്ളി, മഞ്ഞൾ, ഇവ നല്ലതുപോലെ വെവ്വേറെ അരയ്ക്കണം. പാത്രം അടുപ്പത്തുവെച്ചു 2 മേശക്കരണ്ടി നെയ്യു് ഒഴിച്ചു് മഞ്ഞൾ ആദ്യം വഴററണം. പിന്നീടു ബാക്കി അരച്ച സാധനങ്ങളും. പച്ചമുളകും രണ്ടായി കീറിയതും വഴററണം. അതിൻെറ ശേഷം രണ്ടാം തേങ്ങാപ്പാൽ, അരപ്പുവെള്ളം, വിനാഗിരി, ഉപ്പു് ഇവചേർത്തു് തിളപ്പിക്കണം. പിന്നീടു് മീനോ, ഇറച്ചിയോ, മുട്ടയോ ഇട്ടു് വെന്തുകഴിയുമ്പോൾ ഒന്നാം തേങ്ങാപ്പാൽ ഒഴിച്ചു് തിളപ്പിച്ചു വാങ്ങണം.

## ടോഫി

| | |
|---|---|
| ടിൻപാൽ (condensed milk) | 1 ടിൻ. |
| പഞ്ചസാര | 2 റാത്തൽ. |
| പാലു് | ¾ കോപ്പ. |
| വെള്ളം | 1 ചായക്കോപ്പ. |
| പറങ്കിഅണ്ടി | 50 |
| കൊക്കോ | 1 ഔൺസ് (1 ചായക്കരണ്ടി.) |
| വെണ്ണ | 1 ഔൺസ് (½ മേശക്കരണ്ടി.) |
| വാനിലാ എസ്സൻസ് | 1 ചായക്കരണ്ടി |
| മുന്തിരിങ്ങ | ½ റാത്തൽ. |

മാർഗ്ഗം. പറങ്കിഅണ്ടി ചെറുതായി മുറിച്ചു് തവിട്ടുനിറമാകുന്നതുവരെ വറക്കുക. മുന്തിരങ്ങ കഴുകി ഉണക്കുക.

പഞ്ചസാരയും വെള്ളവും കൂടി ഒരു പാത്രത്തിൽ ഒഴിച്ചു് അടുപ്പത്തു്വെച്ചു് ഇളക്കണം. പഞ്ചസാര അലിയുമ്പോൾ വെണ്ണ, കൊക്കോ, പാലു്, ഇവ ചേർക്കുക. അടുപ്പത്തുനിന്നു വാങ്ങുന്നതുവരെ ഇളക്കിക്കൊണ്ടിരിക്കണം.

കുറുകുമ്പോൾ സ്വല്പം വെള്ളത്തിൽ ഇട്ടാൽ കട്ടിയാകുന്ന പാകത്തിൽ വാങ്ങുക എസ്സൻസ് ഒഴിച്ചു്, പറങ്കിഅണ്ടി, മുന്തിരിങ്ങ, ഇവ ഇട്ടു ഇളക്കണം. അതിൻെറ ശേഷം നെയ്യു്പുരട്ടിയ ഒരു പാത്രത്തിൽ ഒഴിച്ചു് കട്ടിയാകുന്നതിനു മുൻപായി കഷണങ്ങളായി മുറിക്കുക.

മൂന്നുപോംവഴികളാണുള്ളതു്. ഇവയിൽ രണ്ടും മൂന്നും ആരോഗ്യഹാനി, മനഃപ്രയാസം, മാനഹാനി മുതലായവയ്ക്കു് കാരണമാകും. ഗർഭധാരണം കഴിഞ്ഞു് മാനത്തെ രക്ഷിക്കുവാൻ വേണ്ടിമാത്രം നടത്തുന്ന നിർബ്ബന്ധിതവിവാഹങ്ങൾ—ജീവിതത്തിൻെറ മററു വശങ്ങളിൽ ചേർച്ചയില്ലാത്തവർ തമ്മിലാണെങ്കിൽ—ശുഭമായി പര്യവസാനിച്ചെന്നും വരില്ല.

"ഗർഭധാരണത്തെ തടയുവാൻ ശാസ്ത്രീയമായ മാർഗ്ഗങ്ങളുണ്ടല്ലോ. എന്നാൽ പിന്നെ കുഴപ്പമില്ലല്ലോ?' എന്നു ചിലർ ചോദിച്ചേക്കാം. ശരി. അതൊരുചോദ്യമാണു്, മാത്രമല്ല, മുമ്പു് ഗർഭധാരണത്തെപ്പററിയുള്ള ഭയമാണു് കന്യകമാർക്കു് കുറെയെല്ലാം തടസ്ഥമായി നിന്നതെന്നും സമ്മതിക്കാം. എന്നാൽ പുതിയ വാദങ്ങൾ കേട്ടു് ആരും വഞ്ചിതരാകേണ്ട. സന്താന നിയന്ത്രണത്തിന്നു ഈ കൃത്രിമമാർഗ്ഗങ്ങൾ എല്ലാപ്പോഴും ഫലിക്കയില്ലെന്നു് പലർക്കും അനുഭവമായിട്ടുള്ള കാര്യമാണു്. പക്ഷെ, അതല്ല കാര്യം.

ലൈംഗിക വികാരം പ്രകൃതിദത്തമാണു്. വെറും കാമസമ്പൂർത്തിക്കുവേണ്ടി അതിനെ നിയന്ത്രണം കൂടാതെ അഴിച്ചുവിട്ടാൽ നമ്മുടെ സാമൂഹ്യജീവിതം തകരാറിലാകും.

## പ്രേമം

പ്രേമത്തിന്നു് ജീവിതത്തിൽ വല്ല സ്ഥാനവുമുണ്ടോ? തീർച്ചയായുമുണ്ടെന്നു് ഭൗതികവാദികളും മതവാദികളും സമ്മതിക്കും. സ്ത്രീയും പുരുഷനും തമ്മിലുള്ള ഏററവും നിർമ്മലമായ ബന്ധമാണു് പ്രേമം. "നിന്നെക്കൂടാതെ ജീവിക്കുവാൻ എനിക്കു സാദ്ധ്യമല്ല" എന്നു് പ്രേമബദ്ധരായ യുവതീയുവാക്കന്മാർ അന്യോന്യം പറയുന്ന ഒരു ഘട്ടംവരെ അതുയരും. വിവാഹം സാദ്ധ്യമല്ലെന്നുവന്നാൽ മരണത്തെ


എല്ലാ സമ്മാനങ്ങളെ സംബന്ധിച്ചും ഉറപ്പു നല്കുന്നു. ഒരു സാഹചര്യത്തിലും അവ കുറയ്ക്കപ്പെടുകയില്ല.

**12000 ക. നേടുക**

**മത്സരം നമ്പർ 248**

ഒന്നാം സമ്മാനം 7000ക; രണ്ടാം സമ്മാനം 3000ക.

മൂന്നാം സമ്മാനം 1000ക.

പ്രവേശനഫീസ്:–ഒരു സ്ക്വയറിന്നു് ഒരുറുപ്പിക; ആറുസ്ക്വയറുകൾ ഒരുമിച്ചു് അയച്ചുതന്നാൽ സ്ക്വയർ ഒന്നിന്നു് നാലുറുപ്പിക.

കൂടുതൽ സമ്മാനങ്ങൾ

മേൽപ്പറഞ്ഞ സമ്മാനങ്ങൾ കൂടാതെ ശരിയായ ഉത്തരം അയച്ചുതരുന്ന ആദ്യത്തെ പത്തുപേർക്കു് 500ക. നല്കുന്നതാണു്. ഏററവും കൂടുതൽ പ്രശ്നോത്തരങ്ങൾ അയച്ചുതരുന്നവർക്കും ആ കാര്യത്തിൽ രണ്ടാമത്തെ സ്ഥാനം അർഹിക്കുന്നവർക്കും 300കയും,200ക.യും നല്കുന്നതാണു്.

ശരിയായ ഉത്തരം അയച്ചുതരുന്ന ഓരോരുത്തർക്കും കുറഞ്ഞപക്ഷം 500ക. നല്കുന്നതാണെന്നു് ഉറപ്പു തരുന്നു. നിങ്ങളുടെ സ്ഥലത്തുള്ള പ്രശ്നോത്തരങ്ങൾ തപ്പാലായി അയക്കുവാനുള്ള

അവസാനത്തെ തീയതി 20 മാർച്ച് 1950

താഴെ കാണുന്ന സ്ക്വയറിൽ, 1മുതൽ 83വരെയുള്ള നമ്പറുകൾ, കീഴ്മേലായും, ഇടംവലമായും കോണോടുകോണായും കണക്കാക്കിയാൽ ആകെത്തുക 126ആയിരിക്കത്തക്കവണ്ണം പൂരിപ്പിക്കുക.

എല്ലാം ശരിയാകുന്നവർക്കു് 1–ാംസമ്മാനവും, താഴത്തെ ഇടംവലമായുള്ള നിര ശരിയായവർക്കു് 2–ാംസമ്മാനവും, മുകളിലത്തെ ഇടംവലമായ നിര ശരിയാകുന്നവർക്കു് 3–ാംസമ്മാനവും നൽകുന്നതാണു്

| | | |
|---|---|---|
| | | |
| | 42 | |
| | | |

നിയമങ്ങളും വ്യവസ്ഥകളും. M. O. ആയിട്ടോ I. P. O. ആയിട്ടോ മദിരാശി (17) ലുള്ള തപ്പാലാപ്പീസിൽ ലഭിക്കത്തക്കവണ്ണവും മദിരാശിയിലുള്ള ഏതെങ്കിലും ബാങ്കിൽനിന്നുംലഭിക്കത്തക്കവണ്ണമുള്ള ബാങ്കു് ഡ്രാഫ്ററു് ആയിട്ടോ പ്രവേശനഫീസ് അയക്കേണ്ടതാണു് സാധാരണ കടലാസിൽ ഉത്തരങ്ങൾ പൂരിപ്പിച്ചയക്കാവുന്നതാണു്. കത്തുകൾ തപ്പാലാപ്പീസിൽ ഇടുവാൻ നിശ്ചയിച്ചിട്ടുള്ള ദിവസം കഴിഞ്ഞു് പത്തു ദിവസത്തിന്നുള്ളിൽ ശരിയായ ഉത്തരങ്ങൾ അച്ചടിക്കുന്നതാണു് അതു് ആവശ്യമുള്ളവർ പ്രത്യേകം രണ്ടണ അയച്ചു തരേണ്ടതാണു്. മത്സരം സംബന്ധിച്ചുള്ള കാര്യങ്ങളിൽ അവസാനതീരുമാനം ചെയ്യുവാനുള്ള അധികാരം 'പ്രോഗ്രസ്സീസ് ഇന്ത്യാ കോമ്പററീഷൻസി'ന്നായിരിക്കും. ഇന്ത്യയിൽ എവിടെയെങ്കിലുമുള്ള തപ്പാലാപ്പീസുകളിൽ പ്രശ്നോത്തരങ്ങൾ—അവ പോസ്റ്റുചെയ്യാനുള്ള അവസാനതീയതിയിലും—പോസ്റ്റു് ചെയ്യാവുന്നതാണു്. ആ തിയതി അവധിദിവസമാകുന്ന പക്ഷം അടുത്ത ദിവസം പോസ്റ്റു് ചെയ്യുക.

ഉത്തരങ്ങളും ഫീസും താഴെ കാണുന്ന വിലാസത്തിൽ അയക്കേണ്ടതാണു്.

The Managing Director
The Progressive India Compeletions No. 248.
West Mambalam (Dept 51) Thyagarayanagar, Madras 17.

ധ്വാഗതം ചെയ്യുന്നവരും ദുർലഭമല്ല. അപ്പോൾ വെറും കാമവികാരത്തിൽനിന്നു് വ്യത്യസ്തമായിട്ടുള്ളതും ശ്രേഷ്ഠമായിട്ടുള്ളതും ജീവനെപ്പോലും സാരമായി ബാധിക്കുന്നതുമായ ഒരു ബന്ധവിശേഷം യുവതീയുവാക്കന്മാരുടെയുള്ളിൽ വളർന്നുവരാറുണ്ടെന്നുള്ളതു് സ്പഷ്ടമാണല്ലോ. യഥാർത്ഥത്തിലുള്ള പ്രേമം എവിടെയുണ്ടോ അവിടെയാണ് ദാമ്പത്യജീവിതം സൗഭാഗ്യപൂർണ്ണമായിത്തീരുന്നതു്. ലൈംഗികവികാരത്തെ നിയന്ത്രിക്കാതെ ഇഷ്ടംപോലെ നടക്കുന്നവരുടെ ദാമ്പത്യജീവിതം പരിതാപകരമായിരിക്കും. സ്ത്രീകൾ ചാരിത്രം രക്ഷിക്കുവാൻ ദൃഢനിശ്ചയം ചെയ്യുന്നപക്ഷം പുരുഷന്മാർ സ്വയം നിയന്ത്രിക്കുവാൻ നിർബ്ബന്ധിതരാകും. ദാമ്പത്യജീവിതം സുഖപ്രദമാകണമെങ്കിൽ സ്ത്രീയും പുരുഷനും വിവാഹപരിധിക്കു പുറമേയുള്ള ഒരു സംയോഗത്തിലും ഏർപ്പെടുവാൻ പാടില്ല.

(സ്ത്രീപുരുഷബന്ധത്തെപ്പററി പൊതുവേയും സ്ത്രീകൾ അറിഞ്ഞിരിക്കേണ്ട കാര്യങ്ങളെപ്പററി വിശദമായും ഈ ലേഖനപരമ്പരയിൽ പ്രതിപാദിക്കപ്പെടുന്നതാണ്.)

---

# മൃണാളിനി

## “നൃത്തം എനിക്കൊരു വിനോദമല്ല, കർത്തവ്യമാണ്”

“ചിന്തിച്ചു മനസ്സിലാക്കുവാനല്ല കണ്ടു മനസ്സിലാക്കുവാനാണ് എൻ്റെ നൃത്തനാടകങ്ങൾ. ജീവിതം ഒരു കണ്ണാടിയിലെന്നപോലെ



ഞാൻ കാണുന്നതാണ് എൻ്റെ “മനുഷ്യൻ” എന്ന നൃത്തനാടകം. നാം ഓരോരുത്തരും കണ്ണാടി നോക്കുമ്പോൾ പല ഛായകളാണ് കാണുക. അത്രത്തോളം വ്യത്യാസം ജീവിതത്തെപ്പററിയുള്ള നമ്മുടെ സങ്കല്പങ്ങളിലും അനുഭവങ്ങളിലുമുണ്ടായിരിക്കും” എന്നാണ് ശ്രീമതി മൃണാളിനിസാരാഭായി ഒരഭിമുഖസംഭാഷണത്തിൽ പ്രസ്താവിച്ചതു്. വിശ്വവിശ്രുതയായ ഈ നർത്തകി മിസ്സിസ് അമ്മുസ്വാമിനാഥൻ്റെ മകളാണ്. ക്യാപ്റ്റൻ ലക്ഷ്മിയുടെ സഹോദരിയാണെന്നു പറഞ്ഞാൽ ചിലർക്ക് കുറെക്കൂടി എളുപ്പത്തിൽ മനസ്സിലായേക്കാം.

ശ്രീമതി മൃണാളിനി വിജയകരമായ ലോകപര്യടനത്തിനു ശേഷം ഇപ്പോൾ ഭാരതത്തിൻ്റെ വിവിധ ഭാഗങ്ങളിൽ നൃത്തകലാപ്രകടനങ്ങൾ നടത്തിവരുന്നു. പണക്കാരായ ആളുകളുടെ മക്കൾ പലരും ഒരു വിനോദമെന്നനിലയിൽ നൃത്തം പഠിക്കാറുണ്ട്. എന്നാൽ മൃണാളിനി പറയുന്നതു നോക്കുക “നൃത്തം ഒരു കാലത്തും ഞാനൊരു വിനോദമായി എടുത്തിട്ടില്ല. എൻ്റെ ജീവിതത്തിൽ ഞാൻ ചെയ്തുതീർക്കുന്ന ഒരു വലിയ കത്തവ്യമായിട്ടാണ് ഞാൻ നൃത്തകലയെ സ്വീകരിച്ചിട്ടുള്ളതു്.”

ചെറുപ്പത്തിൽ തന്നെ മൃണാളിനി അഭിനയ വേദികളിൽ പ്രവേശിച്ചുതുടങ്ങി. ഹരീന്ദ്രനാഥ ചതോപാദ്ധ്യായൻ്റെ പാരട്ട് (തത്ത) എന്ന ഏകാങ്കനാടകത്തിൽ കടലിലേക്ക് വലിച്ചെറിയപ്പെടുന്ന പുത്രൻ്റെ ഭാഗം അഭിനയിക്കു

MANKOTT INDUSTRIES LTD.
ALLEPPEY
*Dealers in:*
High Class Coirmats Mattings & Rugs
General Merchants & Commission Agents.

വാനാണ് ആദ്യം ഇവർ രംഗത്ത് പ്രത്യക്ഷപ്പെട്ടത്.

രുഗ്മിണി അരുണ്ഡേലിന്റെ കലാ ക്ഷേത്രത്തിൽ നൃത്തകലാപഠനമാരംഭിക്കയും പിന്നീട് ശാന്തിനികേതനത്തിൽ അഭ്യസനം നടത്തുകയും അതിനുശേഷം പതിനഞ്ചു മാസക്കാലം ന്യൂയോക്കിൽ പോയി പാശ്ചാത്യ സമ്പ്രദായങ്ങളും മനസ്സിലാക്കുകയും ചെയ്തു. ഇതിന്നിടയിൽ കഥകളിയും വശമാക്കി. ശാന്തിനികേതനത്തിൽ റാംഗോപാലിനോടൊപ്പം നൃത്തം ചെയ്തുകൊണ്ടിരുന്ന കാലത്ത് സ്വതന്ത്രമായ കലാസൃഷ്ടിക്കുള്ള ആവേശം അവൾക്കുണ്ടാകയും അയാളോടു യാത്രപറകയും ചെയ്തു. ആ കാലഘട്ടത്തിലാണ് ഡോ: സാരാഭായിയും മൃണാളിനിയും തമ്മിലുള്ള വിവാഹം നടന്നതു്.

———


ഉറപ്പ്, ഭംഗി, വിലസഹായം
ഇത്യാദി ഗുണങ്ങളാൽ

REGISTERED
TRADE GOLD MOHUR MARK
പവൻമാർക്ക്

ഏവരേയും തൃപ്തിപ്പെടുത്തുന്ന



"പവൻമാർക്ക്"
കുടകൾ വാങ്ങി ഉപയോഗിപ്പിൻ.

THE KERALA UMBRELLA MART
*Mfrs. Mohur Brand Umbrellas*
Mohd. Abdurehiman Road,
**KOZHIKODE.**
Tel: Add. "UMBRELLAS"



DR. JOHN MATHAI
.. SAYS ..

"THRIFT is a valuable habit because by practising it you exercise discipline as well as foresight. Like every good habit the EARLIER you start it the easier it becomes and longer it stands."

Our CHITTY SCHEME DEPOSIT offers you the opportunity to commence today this GOLDEN RULE set by the Finance Brain of India.

Drop us a card today. Tomorrow you shall receive a range of literature explaining the terms and advantages of the scheme.

THE BANK OF DECCAN LIMITED,
H. O. KOTTAYAM, S. INDIA.

***Branches:*** Alleppey, Ambalapuzha, Aroor, Changanacherry, Chenganur, Edathua, Haripad, Kottayam, Kumarakom, Puthuppally, Puramattom, Thiruvalla, and Thalayolaparambu.

# നല്ലതങ്ക

## കരുണരസം കരകവിയുന്ന മലയാളപടം

കേരളം വിദ്യാഭ്യാസത്തിൽ മുന്നണിയിൽ നില്ക്കുന്നു. അഭിനയത്തിൽ വൈദഗ്ദ്ധ്യമുള്ളവർ ധാരാളമിവിടെയുണ്ട്; പാട്ട് എഴുതുവാനും പാടുവാനും കഴിവുള്ളവരുണ്ട്. പണക്കാരുണ്ട്. അങ്ങനെവേണ്ടപ്പെട്ടതൊക്കെയുണ്ട്. എങ്കിലും ഒരു നല്ല പടം മലയാളത്തിലുണ്ടായിട്ടില്ലല്ലോ എന്നു വ്യസനിച്ചിരിക്കുമ്പോഴാണ് ആലപ്പുഴയിലെ ഉദയാ സ്റ്റുഡിയോവിൽ നിന്നു 'നല്ലതങ്ക' പുറത്തുവന്നത്. കലാപരമായി കൈരളിക്ക് ഇതൊരുനേട്ടമാണ്. പരിപൂർണ്ണതയിൽ എത്തിച്ചേർന്നിട്ടില്ലെങ്കിലും, ഇതുവരെയുള്ള മലയാളപടങ്ങളെക്കാൾ ഉന്നതമായ ഒരു നിലവാരത്തെ പ്രാപിക്കുവാൻ ഇതിനു സാധിച്ചിട്ടുണ്ട്.

കഥ. സുപ്രസിദ്ധമായ ഒരു തമിഴ കഥയാണ് ഇതിവൃത്തം. മധുരപുരി രാജാവായ നല്ലണ്ണന്റെ സഹോദരി നല്ലതങ്കയെ രത്നപുരി രാജാവായ സോമനാഥൻ വിവാഹംകഴിക്കുന്നു. അവരുടെ സന്താനലാഭത്തിൽ അസൂയമുഴുത്ത അലങ്കാരി (നല്ലണ്ണന്റെ ഭാര്യ) ഭയങ്കരമായ നാത്തൂൻപോര് ആരംഭിക്കുന്നു.

രത്നപുരിയിൽ ഭയങ്കരമായ ഭക്ഷണക്ഷാമം പടർന്നുപിടിച്ചപ്പോൾ നല്ലതങ്കയും ഏഴു കുട്ടികളും മധുരാപുരിയിലുള്ള നല്ലണ്ണന്റെ കൊട്ടാരത്തിലേക്കു പുറപ്പെടുന്നു. വഴിമദ്ധ്യേ വേടന്മാർ, കൊടുങ്കാററ്, പെരുമ്പാമ്പ്, കാട്ടാന തുടങ്ങിയ ആപത്തുകളിൽനിന്നു ഈശ്വരകൃപയാൽ രക്ഷപ്പെട്ട നല്ലതങ്കയും കുട്ടികളും രത്നപുരിയിൽ വന്നപ്പോൾ അലങ്കാരി അവരെ ആട്ടിപ്പുറത്താക്കുന്നു. അവിടെനിന്നു നി



ന്ദിതയായി അശരണയായി അവൾ മടങ്ങി. പട്ടിണിയാൽ തളർന്നവീണ കുട്ടികളെകണ്ട് അവളുടെ ഹൃദയം തകർന്നു. "ബന്ധുവീട്ടിൽനിന്നു അപമാനം സഹിക്കുന്നതിനേക്കാൾ നല്ലതു മരണം" എന്നുള്ള ഭർത്തൃശാസനം അവളുടെ ഹൃദയത്തിൽ മാറെറാലികൊണ്ടു. പിഞ്ചുപൈതങ്ങളെ ഓരോരുത്തരെ എടുത്തു അവൾ കിണററിലേക്കു വലിച്ചെറിഞ്ഞു. അവളും ആ കിണററിൽതന്നെ ജീവിതം അവസാനിപ്പിച്ചു. ഒടുവിൽ ശിവന്റെ കരുണയാൽ അമ്മയും കുട്ടികളും പുനർജീവിക്കുന്നു.

ഒരു തമിഴ് അന്തരീക്ഷം സൃഷ്ടിച്ച് കഥയിൽ തന്മയത്വം വർദ്ധിപ്പിക്കുവാൻ നിർമ്മാതാക്കൾ പ്രത്യേകം ശ്രദ്ധിച്ചിട്ടുണ്ട്.

കരുണരസം അഭിനയിച്ചു ഫലിപ്പിക്കുന്നതിൽ മിസ്സ് കുമാരി അസാധാരണമായ വിജയം നേടിയിരിക്കുന്നു. നല്ലണ്ണൻ, സോമനാഥൻ അലങ്കാരി, മാധവ്യൻ മുതലായവരുടെ ഭാഗങ്ങളും പ്രത്യേകം നന്നായിട്ടുണ്ട്.

എത്ര കഠിനഹൃദയനെയും കരയിപ്പിക്കുന്ന രംഗങ്ങളാണ് ഇതിലുള്ളതു. ശിവൻ ഒടുവിൽ പ്രത്യക്ഷപ്പെട്ട് മരിച്ചവരെ ജീവിപ്പിക്കുന്നുവെങ്കിലും കാഴ്ചക്കാരുടെ ഹൃദയത്തിൽശേഷിക്കുന്നതു കരുണരസമായിരിക്കും.

ഗാനങ്ങൾ ലളിതവും സുന്ദരവുമാണ്. അവ നന്നായി പാടുകയും കേൾക്കത്തക്കവണ്ണം റിക്കാഡ്ചെയ്യുകയും ചെയ്തിട്ടുണ്ട്. പഴയ മലയാള പടങ്ങൾക്ക് സംഭവിച്ച സാങ്കേതികമായ പല വൈകല്യങ്ങളെയും ഈ പടത്തിൽ പരിഹരിച്ചിട്ടുണ്ട്.

നല്ലതങ്ക, ആപേക്ഷികമായി ഒരു വിജയമാണെങ്കിലും, കൈരളി അതുകൊണ്ടു് തൃപ്തിപ്പെട്ടു് അടങ്ങിയിരിക്കണമെന്നില്ല; അടങ്ങിയിരിക്കുകയുമില്ല. എന്നാൽ, ആശയുടെ പൂങ്കതിർ മലയാള ചലച്ചിത്രലോകത്തിൽ ആദ്യമായി ചിതറിയ ചിത്രമെന്ന നിലയിൽ നല്ലതങ്കയുടെ പ്രാധാന്യം ഒരിക്കലും അവഗണിക്കപ്പെടുകയില്ല. ഇനിയും ശ്രമിച്ചാൽ നമുക്കു് നന്നാകാൻ കഴിയുമെന്നു് നല്ലതങ്ക നമ്മെ പഠിപ്പിക്കുന്നു. ഈ പടത്തിന്റെ നിർമ്മാതാക്കളായ ശ്രീ. കെ. വി. കോശിയും ശ്രീ. കുഞ്ചെറിയയും പ്രത്യേകം അഭിനന്ദനാർഹരാണു്. പുരാണപടങ്ങളെക്കാൾ ഇക്കാലത്തു് കേരളത്തിൽ കൂടുതൽ ആസ്വാദ്യതരമായിത്തീരുന്നതു് സാമൂഹ്യ പടങ്ങളായിരിക്കും. സാഹിത്യം പുരോഗമനപരങ്ങളായ ആശയങ്ങളിലേക്കു് നീങ്ങുന്നതുപോലെ സിനിമയും പുരോഗമനപരമായ ഒരു ഗതി സ്വീകരിക്കേണ്ടതാണു്.

## സരസ്വതീ കടാക്ഷം

### മഞ്ചേരി കമലം

'അരുണ'യെ സ്വാഗതം ചെയ്യുന്നതിൽ എനിക്കു് അതിയായ സന്തോഷമുണ്ടു്. തമിഴ് പ്രസ്സുകളിൽ നിന്നു് നിരവധി മാസികകൾ അച്ചടിച്ചു പുറത്തു വരുന്നതു് മദിരാശിയിൽ വെച്ചു ഞാൻ കണ്ടിട്ടുണ്ടു്. എന്നാൽ മഹിമയേറിയ ഈ കേരളനാട്ടിൽ ഇവിടത്തെ സമ്പുഷ്ടമായ സാഹിത്യത്തിന്നു് അനുരൂപമായ മാസികകൾ ദുർലഭമാണെന്നുള്ളവസ്തുത എന്നെ വളരെയധികം വ്യസനിപ്പിച്ചിട്ടുണ്ടു്.

ഓരോ രാഷ്ട്രത്തിന്റെയും നെററിയിൽ ഈശ്വരൻ ഒരു 'വാക്കു്' എഴുതിയിട്ടുണ്ടെന്നും, ആ വാക്കു കണ്ടു പിടിക്കയും ലോകത്തെ അറിയിക്കയും ചെയ്യുന്നതുവരെ ആ രാഷ്ട്രം പൂർണ്ണരാഷ്ട്രപദവിയിൽ എത്തിച്ചേരുകയില്ലെന്നും മസ്സീനി എന്ന ഇററാലിയൻ സ്വാതന്ത്ര്യനേതാവു് പ്രസ്താവിച്ചിട്ടുണ്ടു്.

അരുണയുടെ പത്രാധിപയുടെ മേൽ സരസ്വതീദേവി തന്റെ അനുഗ്രഹങ്ങൾ വർഷിക്കട്ടെയെന്നും, ആ 'വാക്കു്' കണ്ടുപിടിക്കുവാനുള്ള പ്രചോദനം നൽകട്ടെയെന്നും, ഭാരതമാതാവിന്റെ നാമത്തിൽ ആ വാക്കു് ഉൽഘോഷിക്കുവാൻ ഇടവരട്ടെയെന്നും ഞാൻ ഹൃദയപൂർവ്വം ആശംസിക്കുന്നു.

**മാധവഫാർമസി**
(എറണാകുളം)
ലിമിററഡ്കാരുടെ സുപ്രസിദ്ധ ഔഷധങ്ങൾ.
സ്റ്റോക്കു് ചെയ്യുന്നവർ,
ഗുപ്താഫാർമസി,
കോഴിക്കോട്ടു്.
GUPTHA PHARMACY
Kallai Road, CALICUT.

**പള്ളിമണികൾ**

കേക്കപാത്രങ്ങൾ, ബേസിൻ, കമോഡ്പാൻ, വാപ്പ്, ലോട്ട, ഉരുളി, ധൂപക്കററി, കാസാ മുതലായ ഉരുപ്പടികൾ ഏററവും ഭംഗിയായി ചെയ്തുകൊടുക്കപ്പെടും.

FOR INDIA METALS & INDUSTRIES LTD.
**വള്ളക്കാലിൽ ലിമിററഡ്, മാന്നാർ.**
തിരുവിതാംകൂർ-കൊച്ചിസ്റ്റേററ്.
Bankers: The Vallakalil Bank Ltd.

THE
**VISWAM PHARMACY,**
CALICUT AGENCY.
P. O. ചാലപ്പുറം.

ഇവിടെ എല്ലാവിധ ആയുർവ്വേദ ഔഷധങ്ങളും ശാസ്ത്രീയമായ വിധത്തിൽ തയ്യാർചെയ്തു സൂക്ഷിച്ചു വരുന്നു. കൂടുതൽ അറിയുവാൻ ഉടനെ എഴുതി ചോദിക്കുക.

# "സർവപ്രിയ"യായ സരോജിനീദേവി

"ഐക്യസംസ്ഥാനത്തിലെ ഗവർണ്ണരായ ശ്രീമതി സരോജിനിനായഡു ഹൃദയസ്തംഭനംമൂലം ഇന്നു് അതിരാവിലെ ലക്നോവിൽവെച്ചു് നിര്യാതയായിരിക്കുന്നു. ഇന്നലെ രാത്രി അവർ 11–30നു് കിടക്കാൻ പോയി. 3മണിവരെ സുഖമായുറങ്ങി. അതിന്നു ശേഷം അവൎക്കു് കലശലായ ചുമയുണ്ടായി. അതിനെത്തുടൎന്നു് ഇന്നു രാവിലെ ദിവംഗതയാവുകയും ചെയ്തു."

ഒരു വൎഷം മുമ്പു്–1949 മാൎച്ച് 2–ാംനു- പ്രഭാതത്തിൽ പത്രമാപ്പീസുകളെ ഞെട്ടിപ്പിച്ച വാൎത്താശകലമാണിതു്. സരോജനീദേവിയുടെ അന്ത്യനിമിഷങ്ങളെപ്പററിയുള്ള വിശദ വിവരങ്ങൾ ഇപ്പോഴും എൻെറ ഹൃദയത്തിൽ മുഴങ്ങിക്കൊണ്ടിരിക്കുന്നു. അതു് അത്രയ്ക്കു് അപ്രതീക്ഷിതമായിരുന്നു.

അവർ വൃദ്ധയായിരുന്നുവെങ്കിലും മരണം ഇത്രപെട്ടെന്നു അവരുടെ മേൽ ആക്രമണം നടത്തുമെന്നു ആരും വിചാരിച്ചിരുന്നില്ല. ചരമസന്ദൎഭത്തിൽ ബന്ധുജനങ്ങളാരും അവരുടെ സമീപം ഉണ്ടായിരുന്നില്ല. ഒരിക്കലും പിരിയാത്ത മിസ്സിസ്സ് പത്മജാനായിഡുപോലും അന്നു അല്ലഹബാദിലായിരുന്നു. അവിടെ കമലാനെഹറു ആസ്പത്രിയുടെ ബീഗംആസാദ്‌വിഭാഗം രാജാജി ഉൽഘാടനം ചെയ്യുന്നതിൽ സംബന്ധിക്കുവാനാണു് മിസ്സ് പത്മജ പോയിരുന്നതു്.

സരോജിനീദേവി മരിക്കുമ്പോൾ അവരുടെ അടുക്കൽ ഒരു നർസ് മാത്രമേ ഉണ്ടായിരുന്നുള്ളു. വൈകുന്നേരം 10–10നു് അവർ നർസിനോടു് ചില പാട്ടുകൾ പാടാൻ ആവശ്യപ്പെട്ടു. "നിങ്ങളെ ഇങ്ങനെ ബുദ്ധിമുട്ടിക്കേണ്ടിവന്നതിൽ എനിക്കതിയായ വ്യസനമുണ്ടു്. ഒരാളും എന്നോടു് സംസാരിക്കുന്നതും എന്നെ സ്പൎശിക്കുന്നതും ഞാൻ ഇഷ്ടപ്പെടുന്നില്ല" എന്നു്


## നളിനി


അവർ നർസിനോടു പറഞ്ഞു. നർസ് പാടുന്നതും കേട്ടു് അവർ നിദ്രാധീനയായി. വെളുപ്പിന്നു് 2–45നു് ശക്തിയായ ചുമയോടു കൂടി അവർ ഉണൎന്നു. മൂന്നുമണിക്കു് അല്പംമുമ്പു് അവർ ഹൃദയസ്തംഭനം മൂലം നിര്യാതയായി.

മിസ്സ് പത്മജയുടെ ആഗമനം ഹൃദയഭേദകമായ ഒരു രംഗമായിരുന്നു. ഗവൎമ്മെൻറ് മന്ദിരത്തിൻെറ കീഴ്‌നിലയിൽ സരോജനീദേവിയുടെ കിടപ്പുമുറിയിലേക്കു് അവർ കുതിച്ചുചെന്നു. വ്യസനംകൊണ്ടു മതിമറന്നു് അവർ അമ്മയുടെ ശരീരത്തിൽ വീണു.

### ആദ്യകാലചരിത്രം

സരോജനീദേവി 1879–ൽ ഹൈദ്രബാദിൽ (ഡക്കാൻ) ആണു ജനിച്ചതു്. പിതാവായ ഡോ: അഘോരനാഥചതോപാദ്ധ്യായ ഒരു നല്ല ബംഗാളിപണ്ഡിതനും


## നവീന പ്രാഥമിക ഗണിതശാസ്ത്രം

(E. S. L. C. കണക്കു് പുസ്തകം)

*By*

**E. S. Gopalakrishna Iyer** B. A., L. T.

| | | | |
|---|---|---|---|
| നാലാം ഭാഗം ആറാം തരത്തിന്നു് | 1 | 12 | 0 |
| അഞ്ചാം ഭാഗം ഏഴാം തരത്തിന്നു് | 1 | 2 | 0 |
| ആറാം ഭാഗം എട്ടാംതരത്തിന്നു് | 1 | 4 | 0 |

കെ. ആർ. ബ്രദേർസ്,
കോഴിക്കോട്.

നൈസാം കോളേജിലെ പ്രിൻസിപ്പാളും ആയിരുന്നു. തൻെറ പുത്രി ഒരു ഗണിതശാസ്ത്രപണ്ഡിതയോ ശാസ്ത്രജ്ഞയോ ആയിത്തീരണമെന്നു് അദ്ദേഹം അഭിലഷിച്ചിരുന്നു. അതനുസരിച്ചുള്ള വിദ്യാഭ്യാസമാണു് സരോജനിക്കു് നല്കിയതു്. പക്ഷെ വിധി മറിച്ചുകരുതി.

"ബീജഗണിതത്തിലെ ഒരു കണക്കു ശരിയാവാത്തപ്പോൾ" എന്ന തൻെറ ആദ്യകവിത സരോജനിദേവി 11-ാംവയസ്സിലാണു് എഴുതിയതു്. അന്നുമുതൽ അവരുടെ കാവ്യജീവിതം ആരംഭിച്ചു. 12-ാം വയസ്സിൽ മദിരാശി സർവ്വകലാശാലയിലെ മട്രിക്കുലേഷൻ പരീക്ഷ പാസ്സായി. നൈസാമിൽനിന്നു വിദ്യോത്ഥിവേതനം കിട്ടി 16-ാമത്തെ വയസ്സിൽ സരോജനി ഇംഗ്ലണ്ടിലേക്കു് പോയി. 1895 മുതൽ 1898വരെ അവർ ഇംഗ്ലണ്ടിലായിരുന്നു. ആരോഗ്യം തകന്നനിലയിൽ അവർ ഇംഗ്ലണ്ടിൽനിന്നു ഇന്ത്യയിലേക്കു മടങ്ങി.

ഇംഗ്ലണ്ടിലേക്കു പോകുന്നതിന്നു മുമ്പുതന്നെ മദിരാശിയിലെ ഒരു ഡോക്ടറായ മേജർ എം. ജി. നായഡുവുമായി അവർ സ്നേഹബന്ധത്തിലേപ്പെട്ടിരുന്നു. കാമിനീകാമുകന്മാർ ഭിന്നസമുദായത്തിൽ പെട്ടവരായിരുന്നതുകൊണ്ടു് ഇരുകക്ഷികളുടെയും ബന്ധുക്കളുടെ നിശിതമായ എതിർപ്പുണ്ടായി. എങ്കിലും എല്ലാ പ്രതിബന്ധങ്ങളെയും തട്ടിനീക്കി 1898-ൽ അവരുടെ വിവാഹം നടന്നു

1915-ൽ സ്വപിതാവു് മരിക്കുന്നതുവരെ സരോജനി ഹൈദ്രബാദിൽ താമസിച്ചു. പിന്നീടു് താമസം മാററുകയും രാഷ്ട്രീയകാര്യങ്ങളിൽ പങ്കെടുക്കുകയുണ്ടായി.

## 'സർവ്വപ്രിയ'

സരോജിനിയുടെ ചരമത്തിന്നു ശേഷം പണ്ഡിററു് ജവഹർലാൽ നെഹ്റു പുറപ്പെടുവിച്ച ഒരു പ്രസ്താവനയിൽ ഇങ്ങനെ പറയുന്നു. "നമ്മുടെ തലമുറയിൽ പടനായകന്മാരും രാജാക്കന്മാരും മരിച്ചുപോകുന്നുണ്ടു്. പഴയ സുഹൃത്തുക്കളും ഉററ ചങ്ങാതിമാരും ദിവംഗതരാകുന്നുണ്ടു്. എന്നാൽ ഇപ്പോൾ വിട്ടുപോയിട്ടുള്ളതു് അവരിലെല്ലാററിലുമുപരി പ്രിയകരയും പ്രഭാവതിയുമായ ഒരു മഹതിയാണു്.

"സരോജനീദേവിയുടെ ശരീരം ക്ഷയിച്ചുപോയി എങ്കിലും,



അവരുടെ അഭംഗുരമായ ആത്മശക്തി ജ്വലിച്ചുകൊണ്ടിരിക്കുന്നു. ഇന്നാട്ടിലെ സ്ത്രീപുരുഷന്മാർ പറയട്ടെ ആ വെളിച്ചത്തെ കയ്യിലെടുക്കുവാൻ അവർക്കു കഴിവുണ്ടോ എന്നു്.

"അവർ ഒരു ദേശീയവാദിയും സാർവ്വദേശീയപ്രാധാന്യം സമാർജ്ജിച്ചവരും ആയിരുന്നു. അവർ ഒരു സ്വപ്നവിഹാരിയായിരുന്നു. ഒരു ഗാനകോകിലമായിരുന്നു. ഒരു മഹല്ലക്ഷ്യത്തിന്നുവേണ്ടി ധർമ്മയുദ്ധം ചെയ്യുന്നവരായിരുന്നു. അവർ സർവ്വപ്രിയയായിരുന്നു. സമ്മിശ്രയായ സംസ്കാരമഹത്വത്തിൻെറ ഒരു പ്രതിരൂപമായിരുന്നു. ഒരുത്തമ സുഹൃത്തെന്ന നിലയിൽ, ചിരിയും ആഹ്ലാദവും തുളുമ്പുന്ന ഒരാത്മാവെന്നനിലയിൽ അവർ അനശ്വരയാണു്. ഭാരതത്തിൻെറ ഈ വിശിഷ്ട പുത്രിക്കും അതുവഴി ഭാരതീയ സ്ത്രീത്വത്തിന്നും എൻെറ സാദരാഭിനന്ദനങ്ങൾ," കവിതാലോകത്തിൽ സരോജിനിയുടെ നേട്ടങ്ങളും രാഷ്ട്രീയ സാമൂഹ്യരംഗങ്ങളിൽ അവർ ചെയ്തിട്ടുള്ള സേവനങ്ങളും, പ്രത്യേകിച്ചു് അഖിലേന്ത്യാ വനിതാ സംഘടനയെ വളർത്തിക്കൊണ്ടുവരുവാൻ അവർ സഹിച്ചിട്ടുള്ളത്യാഗങ്ങളും നമ്മുടെ സ്മരണയിൽ ഇന്നും പുതുമയോടുകൂടി നില്ക്കുന്നതുകൊണ്ടു് അവയെല്ലാം ഇപ്പോൾ ആവർത്തിക്കേണ്ടതില്ല.

അവർനമ്മെ വിട്ടുപിരിഞ്ഞെങ്കിലും മാധുര്യമേറിയ ആ ഗാനങ്ങൾ എന്നെന്നും ഭാരതീയരുടെ ഹൃദയങ്ങളിൽ അലതല്ലിക്കൊണ്ടിരിക്കും.

———


# വമ്പിച്ച സഹായവിൽപന

## അമൃതസരസ്സിൽ

## ഒരു തോല സ്വർണ്ണത്തിന്നു് 2ക. മാത്രം.

ഈ സ്വർണ്ണത്തിൻെറ അത്ഭുതാവഹമായ കണ്ടുപിടുത്തത്തെ ഞങ്ങളുടെ ഇടവാടുകാരും മൊത്തക്കച്ചവടക്കാരും വളരെയധികം പ്രശംസിച്ചിട്ടുണ്ടു്. ഏററവും സമർത്ഥന്മാരായ സ്വർണ്ണപ്പണിക്കാർ ശ്രമിച്ചാൽപോലും യഥാർത്ഥത്തിലുള്ള സ്വർണ്ണത്തിൽനിന്നു് വേർതിരിച്ചറിയാൻ പാടില്ലാത്തവിധം ഇതിന്നു് മിനുക്കവും മററുള്ളഗുണങ്ങളുമുണ്ടു്. നിഷ്പ്രയാസം തകിടായിട്ടോ, കമ്പിയായിട്ടോ ഈ സ്വർണ്ണം രൂപപ്പെടുത്താവുന്നതാണു്. ഏററവും പാവപ്പെട്ടവർക്കുപോലും സ്വർണ്ണാഭരണങ്ങൾ ധരിക്കുവാനുള്ള മോഹം സഫലീകരിക്കാം. പരിഷ്കൃതരീതിയിൽ നിർമ്മിച്ചതും നല്ലവണ്ണം മിനുസപ്പെടുത്തിയതും ആർട്ടു് രത്നങ്ങൾ പതിച്ചതുമായ ആഭരണങ്ങളുടെ ഒരു സെററിന്നു് 8ക. മാത്രം. ഉടൻ എഴുതുക. തപ്പാൽകൂലി സൗജന്യം.

One set of Bangles, a pair of Earrings, a pair of Topuses, a pair of Rings, one pendle, 4 buttons and Estuds.

തൃപ്തികരമല്ലാത്തപക്ഷം ഒരാഴ്ചക്കകം സാധനങ്ങൾ മടക്കി അയക്കാവുന്നതാണു്.

Swastika New Gold Co.,
Bazaar Tharasahib
Amritsar

स्वस्तिक न्यूगोल्ड कंपनि,
बज़ार तारासाहिब,
अमृतसर.

# JOHN PHILIP & COMPANY LTD.

Dealers in: Timber, Coiryarn, Mats & Mattings. General Merchants & Commission Agents.

**H. O. Alleppey—Travancore-Cochin State**

Timber Yard: Vyittila; Ernakulam.

# ഞാൻ ഹോളിവുഡിലായിരുന്നെങ്കിൽ!

## സ്നേഹപ്രഭയുടെ അഭിലാഷം

★ പ്രണയരംഗങ്ങൾ പ്രദർശിപ്പിക്കുന്ന സിനിമാവേദിയുടെ പിന്നിലുള്ള സാമുദായികമായ ഇരുമ്പഴികൾ

★ ഒരു സിനിമാതാരം മററൊരു താരത്തിൻെറ ദൃഷ്ടിയിൽ

★ ജയ്‌രാജ് എൻെറ സ്നേഹിതനാണ്; പക്ഷെ, സ്‌ററുഡിയോവിലെ പരിമിതമായ ജോലിസമയത്തുമാത്രമേ ഞങ്ങൾ കണ്ടുമുട്ടാറുള്ളു

(സിനിമാലോകത്തിൽ സുപ്രസിദ്ധിനേടിയ സ്നേഹപ്രഭ ജയ്‌രാജിനെപ്പററി ഇംഗ്ലീഷിൽ എഴുതി പ്രസിദ്ധംചെയ്ത രസകരമായ ലേഖനത്തിൻെറ പരിഭാഷയാണിതു്.)

ഞാനും ജയ്‌രാജും ഹോളിവുഡ്ഡിലായിരുന്നെങ്കിൽ കലാപ്രവർത്തകരെന്ന നിലയിൽ ഞങ്ങൾ തമ്മിലുള്ള ബന്ധത്തെപ്പററി കൂടുതൽ ആവേശകരങ്ങളായ വിവരങ്ങൾ നല്കുവാൻ എനിക്കു സാധിക്കുമായിരുന്നു. പക്ഷെ, പുരുഷനും സ്ത്രീയും തമ്മിലുള്ള സാമൂഹ്യബന്ധം വിരളമോ, കൃത്രിമമോ, പരിമിതമോ ആയിട്ടുള്ള ഇന്ത്യയിൽ സ്ത്രീപുരുഷന്മാർക്കു് സുഹൃത്തുക്കളെന്ന നിലയിൽ അധികകാലം തുടൎന്നുപോകുവാൻ സാദ്ധ്യമല്ല. അപമാനഭയം, സന്മാൎഗ്ഗത്തിൻെറ കൊമ്പത്താണ് ജീവിക്കുന്നതെന്നു മററുള്ളവരെ കാണിക്കുവാനുള്ള ആഗ്രഹം, കുടുംബജീവിതം തകരാറിലാകുമെന്നുള്ള ഭയം, എന്നിവയാൽ സുന്ദരമായ പല സൗഹൃദബന്ധങ്ങളും ആരംഭത്തിൽ തന്നെ നശിപ്പിച്ചുകളയുന്നു. പ്രസ്തുത സാഹചര്യത്തിൽ, ജയ്‌രാജും ഞാനും തമ്മിൽ പുസ്തകവായന, ചിത്രം, ലേഖനപ്രവൃത്തി മുതലായ നിരവധി വിഷയങ്ങളിൽ പൊതുതാല്പൎയ്യമുണ്ടെങ്കിലും, സ്‌ററുഡിയോവിലെ പരിമിതമായ ജോലിസമയത്തു മാത്രമേ ഞങ്ങൾക്കു കണ്ടുമുട്ടുവാൻ സാധിക്കുന്നുള്ളു. സിനിമാ ലോകത്തിലെ ചുരുക്കം ചില സ്നേഹിതന്മാരിൽ ഒരാളായി ഞാൻ അദ്ദേഹത്തെ പരിഗണിക്കുന്നു. അതായതു്, ഒരുത്തനിൽനിന്നു് ലഭിക്കുന്ന ആനുകൂല്യങ്ങൾ വെച്ചുകൊണ്ടു മാത്രം സ്നേഹത്തെ അളന്നു നോക്കാതിരിക്കയാണെങ്കിൽ—

ജയ്‌രാജ് എനിക്കു് കാൎയ്യമായിട്ടൊന്നും തന്നിട്ടില്ല. എനിക്കു് ഒരുദ്യോഗം വാങ്ങിത്തരികയോ, എന്നെ ഭക്ഷണസല്ക്കാരത്തിന്നു ക്ഷണിക്കയോ, ആകൎഷകമായ സാധനങ്ങൾ സമ്മാനിക്കയോ അദ്ദേഹം ചെയ്തിട്ടില്ല. അദ്ദേഹം എനിക്കു് കുറെ പുസ്തകങ്ങൾ സമ്മാനിച്ചിട്ടുണ്ടെന്നുള്ളതു് വാസ്തവം തന്നെ. അവയെ ഞാൻ വില മതിക്കയും ചെയ്യുന്നു. ജയ്‌രാജ് എന്നെ സഹായിച്ചില്ലെങ്കിലും ഉപദ്രവിക്കയില്ലെന്നു് എനിക്കു വിശ്വാസമുണ്ടു്. ഒരു ദിവസം ഹൃദയപൂൎവ്വം ആശ്ലേഷിക്കയും പിറെറ ദിവസം പുറത്തു് കുത്തുകയും ചെയ്യുന്ന സ്നേഹിതന്മാരെക്കാൾ അങ്ങനെയുള്ളവരെ ലഭിക്കുന്നതു് ഒരു വലിയ അനുഗ്രഹമാണ്.

വൎണ്ണനയിൽ വലിയ ചാതുൎയ്യമില്ലാത്തതിനാൽ ജയ്‌രാജിൻെറ രൂപത്തെപ്പററി സൂക്ഷ്മമായ വിവരണം നല്കുവാൻ എനിക്കു് സാദ്ധ്യമല്ല. പക്ഷെ, സുന്ദരനും, ഒരുവിധം ഉയരമുള്ളവനും, ദൃഢഗാത്രനുമാണെന്നു് ചുരുക്കിപ്പറയാം. കായി

വസ്ത്രങ്ങൾക്കു് ശുഭ്രതയും ഉറപ്പും നിലനിൎത്തുന്നതിന്നു്

**315** (Regd)

സ്പെഷൽ സോപ്പ് ഉപയോഗിക്കുക

അനുകരണ നമ്പറുകൾ സൂക്ഷിക്കുക.

പുതിയറ സോപ്പ് വൎക്ക്സ്, പുതിയറ.

കാഭ്യാസത്തിൽ അദ്ദേഹം തല്പരനാണ്. നീന്തൽ, ക്രിക്കററ് എന്നിവയിൽ കലശലായ ഭ്രമമുണ്ട്. അദ്ദേഹത്തിന്ന് മോഹിനിയായ ഒരു ഭാൎയ്യയും മൂന്നു കുട്ടികളുമുണ്ട്. (ഉല്ലാസവിഷയത്തിൽ ഒട്ടും പിന്നണിയിലല്ലാത്ത അദ്ദേഹത്തിന്ന് അതിൽ കൂടുതൽ കുട്ടികളും ഉണ്ടായിരിക്കാം) അവരെപ്പററി മറെറതൊരു പിതാവിനെയും പോലെ അദ്ദേഹം അഭിമാനമുള്ളവനാണ്. അവരുടെ ആരോഗ്യത്തിൽ അദ്ദേഹം പ്രത്യേകം ശ്രദ്ധിക്കുന്നു.

ഒരു കലാകാരനെന്ന നിലയിൽ അദ്ദേഹത്തെപ്പററി നിങ്ങളെല്ലാം അറിവുള്ളതുകൊണ്ട് അദ്ദേഹത്തിൻെറ അഭിനയ വൈദഗ്ദ്ധ്യത്തെപ്പററിഞാൻ ഒന്നും പറയേണ്ടതായിട്ടില്ല. പല കലാകാരന്മാരെയും പോലെ അദ്ദേഹത്തിൻെറ ജീവിതത്തിലും വിഷമംനിറഞ്ഞ ഒരു ഘട്ടമുണ്ടായിരുന്നു. പക്ഷെ ഭാഗ്യദേവതയുടെ പരിലാളനത്താൽ ജയ്‌രാജും പെട്ടെന്ന് പൊതുജനസമ്മതി വീണ്ടെടുത്തു.

സ്വന്തമായ ഒരു കുററവും കൂടാതെ കലാകാരന്മാർ പരാജയങ്ങളെ നേരിടേണ്ടി വരാറുണ്ട്. കാരണം. കഥ തിരഞ്ഞെടുക്കുന്നതിലോ, ഡയരക്ട്ചെയ്യുന്നതിലോ അവന്ന് യാതൊരു പങ്കുമില്ല. വീഴ്ചകൾ ആവൎത്തിക്കുമ്പോൾ അവനെ ഭാഗ്യഹീനനായ കലാകാരനായി മുദ്രയടിക്കുന്നു. അവൻെറ 'നക്ഷത്രം' നേരെവന്ന് അവനെ രക്ഷിക്കുന്നില്ലെങ്കിൽ ആ സിനിമാതാരം ചലച്ചിത്രജീവിതത്തിൽ അകാലചരമം പ്രാപിക്കുന്നു.

"നയതാരന" "ഖിലോന," "സൽഗിരാ," "പന്ന" എന്നിവയിൽ എൻെറ കൂടെ അഭിനയിച്ച അദ്ദേഹം പ്രായോഗിക ജീവിതത്തിൽ ഏററവും സമൎത്ഥനാണ്. ഞങ്ങളിൽ ചിലരെപ്പോലെ അദ്ദേഹം പണം ദുർവ്യയം ചെയ്യാറില്ല. ലുബ്ധ് പ്രദൎശിപ്പിക്കാറുമില്ല.

ഒരിക്കലും തൻെറ കുടുംബത്തെ അദ്ദേഹം വിസ്മരിച്ചിട്ടില്ല. പ്രിഥ്വീരാജിനോട് അദ്ദേഹത്തിന്നു ബന്ധമുണ്ടെന്ന് തോന്നുന്നു. ഡയരക്ടർമാൎക്ക് ഹിതകരമായ ഒരുസ്വഭാവമാണദ്ദേഹത്തിനുള്ളത്. കാരണം, സ്റ്റുഡിയോപ്രവൎത്തകന്മാരുടെ ഇഷ്ടത്തിന്നു വിരുദ്ധമായഅഭിപ്രായ പ്രകടനങ്ങളൊന്നും അദ്ദേഹം നടത്താറില്ല. ഏതായാലും, ജീവിതവൃത്തിക്കുള്ള പണം തരുന്ന സ്റ്റുഡിയോപ്രവൎത്തകന്മാരോട് തൎക്കിക്കാൻ പോകാതിരിക്കയെന്നുള്ളതാണ് ഒരു കലാകാരന്നു നല്ലതു്. ഇതാണ് അഭിനയവേദിക്കു പിന്നിലുള്ള ജയ്‌രാജ്.

—*—

For Quality Stainless Steel Utensils

Look up for 'STAYBRITE' Utensils

*Manufactured by:*

DEVIDAYAL & SONS.,

BOMBAY.

(Guaranteed for Quality & Durability)

*Sole Selling Agents for INDIA & CEYLON:*

SAMSON & Co., LTD.,

8/22 Broadway, MADRAS.

**National Investment Trust**

(C. B. E.) LTD.

21/185, Thomas Street,

COIMBATORE.

*Conducting Series of daily and monthly Chit funds.*

# ★സിൽക്ക് അലക്കുന്നതെങ്ങനെ?★

(മിസ്സ് അമ്മിണി ഫിലിപ്സ്)

തിരുമ്മുന്നതിന്നു് ഉപയോഗിക്കാവുന്ന സാധനങ്ങൾ

(1) ലക്സ് ഫ്ലേക്ക്സ് (Lux flakes) ഇതാണ് ഏററവും നല്ലതു്.

(2) 501 ഫ്ലേക്ക്സ് (501 Flakes)

(3) റീതാനട്ട്സ് (Reeta nuts) കായ് എടുത്തു് അതിന്റെ അകത്തുള്ള കുരു മാററി തോട്ട് സൂക്ഷിക്കുക. ഇതു് പൊടിച്ച ഉപയോഗിക്കുകയാണെങ്കിൽ വസ്ത്രത്തിന്മേൽ പററുകയും പിന്നീട് കഴുകി കളയുവാൻ പ്രയാസം വരികയും ചെയ്യും. അതിനാൽ ചൂടു വെള്ളത്തിൽ കുറച്ച തോട് ഇട്ട് കുതിർക്കുക. പിന്നീട് പതച്ച് തിരുമ്മുന്നതിന്നു് ഉപയോഗിക്കാം. വെള്ള വസ്ത്രങ്ങൾക്കൊഴിയെ ബാക്കി ഏതിന്നും ഉപയോഗിക്കാം. വെള്ളവസ്ത്രങ്ങൾ തിരുമ്മുന്നതിന്നു് ഉപയോഗിച്ചാൽ അവയ്ക്കു് ഒരു മഞ്ഞനിറം ഉണ്ടാകും.

തിരുമ്മുന്നവിധം:

മൃദുജലമാകുന്നതിന്നായി കുറച്ച ബോറക്സ് (Borax) ഇടുക. പിന്നീട് സോപ്പ് ഇട്ടു പതക്കണം. സോപ്പ വസ്ത്രത്തിന്മേൽ ഒരിക്കലും തേക്കരുതു്. അങ്ങിനെ ചെയ്യുന്ന പക്ഷം നൂലിന്റെ ഇടയ്ക്കു് സോപ്പ് കയറുകയും പിന്നീട് അതു കഴുകികളയുവാൻ പ്രയാസം ഉണ്ടാകുകയും ചെയ്യും.

സോപ്പ് പതയിൽ ഇട്ട് വസ്ത്രം മെല്ലെ തിരുമ്മണം. മററുള്ള വസ്ത്രങ്ങളെപ്പോലെ ബലമായി പിഴിയരുതു്. ഞെക്കിപ്പിഴിയുക മാത്രമേ ചെയ്യാവൂ.

പല പ്രാവശ്യം നല്ല വെള്ളത്തിൽ കഴുകിയാൽ മാത്രമേ സോപ്പ് നല്ലതുപോലെ നീങ്ങുകയുള്ളൂ. അവസാനം കഴുകുന്ന അവസരത്തിൽ കുറച്ച നാരങ്ങനീർ വെള്ളത്തിൽ ഒഴിച്ചാൽ വസ്ത്രങ്ങൾക്കു് സ്വയമേയുള്ള തിളക്കം കിട്ടും.

തണലുള്ള സ്ഥലത്തു് ഇട്ട് ഉണക്കണം. നല്ല വെയിലുള്ള സ്ഥലത്തു് ഇടുകയാണെങ്കിൽ നിറവ്യത്യാസം ഉണ്ടാകും. അല്പം നനവുള്ളപ്പോൾ എടുത്തു ഇസ്തിരി ഇടണം.

ഇസ്തിരി ഇട്ടശേഷം വസ്ത്രങ്ങൾ തൂക്കിയിടുകയാണ് നല്ലതു്. മടക്കി വെക്കുകയാണെങ്കിൽ ഇസ്തിരി ഇടുമ്പോൾ മടക്കിന്മേൽ അമത്തരുതു്. അങ്ങിനെ ചെയ്യുന്നതായാൽ മടക്കുവീഴുന്ന ഭാഗം വേഗത്തിൽ കീറുകയും ആ ഭാഗത്തു വേഗം അഴുക്കു പററുകയും ചെയ്യും.


— —


## സൂര്യപ്രഭ പൽപൊടി

വായനാററം, ഊൻ പഴുപ്പ്, പല്ലുകളിൽനിന്നു രക്തം വരിക, പല്ലുവേദന മുതലായ എല്ലാവിധ ദന്തരോഗങ്ങളേയും നശിപ്പിച്ച പല്ലിന്നു പ്രകാശവും ഉറപ്പും നല്കുവാൻ ഞങ്ങളുടെ "സൂര്യപ്രഭ" പൽപ്പൊടി ഉപയോഗിപ്പിൻ.

**Prop: P. S. Balan Vaidyar,**
**C. V. M. Ayurvedic Medical Works,**
KALLAI ROAD, P. O. CHALAPURM.






ഗ്രഹണി, കരപ്പൻ, കരാംവീക്കം, കുടൽപ്പുണ്ണ്, കുടൽതടിപ്പ്, ഇതുകളെ ശമിപ്പിച്ച് രക്തപുഷ്ടിവരുത്തി ദേഹത്തെ പോഷിപ്പിക്കുന്ന ഒന്നാന്തരം ഒരു ഔഷധം.

ചന്ദ്രോദയ വൈദ്യശാല, നെല്ലിക്കോട്
P.O. പുതിയറ, പൊററമ്മൽ
ഉടമ. പി. ഗോവിന്ദൻ വൈദ്യർ

# മലയാള ചലച്ചിത്രലോകത്തിന്റെ മഹാവിജയം



മലയാള പടങ്ങളുടെ പരാജയത്തിൽ മനംമടുത്ത മലയാളികളുടെ ഹൃദയ
വേദിയെ തട്ടിയുണർത്തിയ കലാവൈഭവം. ചലച്ചിത്ര ലോകത്തിൽ ലജ്ജിതയായി
നിന്ന കൈരളിയുടെ അഭിമാനത്തെ വീണ്ടെടുത്ത മനോഹര മലയാളപടം.

★ ★ **നല്ലതങ്ക**

മലയാളപടം

കേരളത്തിലെ നിഷ്പക്ഷബുദ്ധികളായ പത്രലോകത്തിന്റെ പ്രശംസയ്ക്കും,
പണ്ഡിതന്മാരായ നിരൂപകന്മാരുടെ അഭിനന്ദനത്തിന്നും, ലക്ഷക്കണക്കിലുള്ള
പ്രേക്ഷകരുടെ ആഹ്ലാദത്തിന്നും പാത്രീഭവിച്ച **നല്ലതങ്ക**
കേരളീയ സിനിമാലോകത്തിന്റെ വിജയ വൈജയന്തിയായി. മലയാള
നാട്ടിലെങ്ങും, തമിഴ് നാട്ടിലും പ്രദർശിപ്പിക്കപ്പെടുന്നു.

നിർമ്മാതാക്കൾ: ***K. & K. Productions, Alleppey.***

വിതരണക്കാർ: ***Film Distributing Company, ERNAKULAM.***

Printed by K. Gopalan at the Social Press, Cover page printed at the Empire press,
Edited & Published by Mrs. A. V. Kalathil, 6/181 Y. M. C. A. Road, Calicut.